Private Circulation only

# ട്രൈബൽന്യൂസ്

ആഗസ്റ്റ് - സെപ്തംബർ 2026




പോത്തുപ്പാടി സഭാ ഹാൾ
ഉദ്ഘാടനവേളയിലെ ഒരു ചിത്രം











അട്ടപ്പാടിയിലെ മിഷനറിമാർ മിഷൻ ഫീൽഡുകൾ സന്ദർശിച്ച് സുവിശേഷം അറിയിക്കുന്നു.







അട്ടപ്പാടി ബഥനി ബാലഭവൻ
ഡോ. തോമസ് ഡേവിഡ് സംഘവും
സന്ദർശിച്ചപ്പോൾ

# എഡിറ്റോറിയൽ





റ്റി. ജയദാസ് കളരിയ്ക്കൽ 9747442935

കർത്താവിൽ പ്രിയരെ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം. ഇന്ന് അനുഗ്രഹീതരെന്നു അവകാശപ്പെടുന്നവർപോലും ആഗ്രഹിക്കുന്നതും പ്രാർത്ഥിക്കുന്നതുമായ ചില കാര്യങ്ങൾ എഴുതട്ടെ. കഷ്ടംവരരുത്, ബുദ്ധിമുട്ടുണ്ടാകരുത്. അതായത് പ്രോസ്പിരിറ്റി മാത്രം. അതിലേക്കായി ദൈവജനം പരക്കം പായുകയാണ്. എന്നാൽ ഒന്നാം നൂറ്റാണ്ടു മുതൽ ദൈവജനം അതിഭയാനകമായ പോരാട്ടത്തിൽകൂടി പൊയ്ക്കൊണ്ടിരിക്കുകയാണ്. വിശുദ്ധ പൗലോസ് അത് ഓരോന്നായി വിവരിച്ചിട്ടുണ്ട്. "കഷ്ടം അനുഭവിപ്പാൻ നാം നിയമിക്കപ്പെട്ടിരിക്കുന്നു" (1 തെസ്സ 3:3). കൊലൊസ്സ്യ ലേഖനത്തിൽ "ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളത് എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിനുവേണ്ടി പൂരിപ്പിക്കുന്നു" (കൊലൊസ്സ്യർ 1:24). ഒരു പക്ഷെ ആരാധനാലയത്തിനുള്ളിൽ ഇരിക്കുന്നവർക്ക് യുദ്ധമോ, പട്ടിണിയോ അഭിമുഖീകരിക്കേണ്ടിവരില്ല. നാം സുരക്ഷിതരായിരിക്കണമെന്ന ചിന്ത ക്രിസ്ത്യാനികൾ ഇന്ന് മൂന്നുശതമാനമായി ചുരുങ്ങാൻ ഹേതുവായി. സുവിശേഷം കേട്ടിട്ടില്ലാത്ത ആദിവാസികളെ ഒക്കെയും തേടി നാം പോകണം. മിഷനറിമാർ സുവിശേഷ വിരോധികളാൽ അതിക്രൂരമായി മർദ്ദനമേറ്റ് പീഡിപ്പിക്കപ്പെട്ട എത്രയെത്ര സംഭവങ്ങൾ. യേശുവിനെ അംഗീകരിച്ചതുകൊണ്ട് ജോലി നഷ്ടപ്പെട്ടവർ, വീട്ടിൽ നിന്ന് അടിച്ചിറക്കപ്പെട്ടവർ, എന്നിട്ടും അവരെല്ലാം ഇന്നു കർത്താവിനെ ആരാധിക്കുന്നു.

സുവിശേഷത്തിന്റെ പ്രകാശനം ലഭിച്ചിട്ടില്ലാത്ത ഇന്ത്യയുടെ വടക്കൻ സംസ്ഥാനങ്ങളിൽ ഇന്നും ശൈശവ വിവാഹങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. മന്ത്രിമാർപോലും ഈ ദുരാചാരങ്ങളിൽ സംബന്ധിക്കുന്നതായി പത്രമാദ്ധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഒരു കാലഘട്ടത്തിൽ ഇന്ത്യയിൽ നിലനിന്നുപോന്നസതി, തീണ്ടൽ ആദിയായ ദുരാചാരങ്ങൾ ഇന്നും ഉള്ളതായി കേൾക്കാനിടയായി. താഴ്ന്ന ജാതിക്കാരുടെ കുട്ടികൾക്ക് അയിത്തം കല്പിച്ച് ഇന്നും പഠനവുംമറ്റും നിഷേധിക്കുന്നു. ഇതെല്ലാം കാണുന്ന നാം നമ്മുടെ സുഖവും സുരക്ഷിതത്വം വർദ്ധിപ്പിക്കാൻ ഉള്ള പ്രാർത്ഥനയും പ്രയത്നങ്ങളും വിട്ട് നമ്മുടെ പ്രിയ സഹോദരങ്ങളെ നേടുന്നതിനുള്ള പ്രാർത്ഥനയിലും പരിശ്രമത്തിലും ആകേണ്ടതാണ്. എങ്കിൽ മാത്രമേ ആത്മാക്കളെ നേടുവാൻ കഴിയു. നാം സ്വന്തവാഹനങ്ങളിൽ യാത്രചെയ്തു ആരാധനാലയങ്ങളിൽ എത്തുന്നു. എസി ആയിട്ടുള്ള ഹാളിൽ ആധുനിക സംഗീത ഉപകരണത്തിന്റെ അകമ്പടിയോടെ സന്തോഷമായിരുന്ന് (ചിലർ ഉറങ്ങിയും) കടന്നുപോകുന്നു. എന്നാൽ ആദിവാസികൾ മണിക്കൂറുകളോളം നടന്ന് ആരാധനയക്കു വരുന്നു. കല്ലുംമുള്ളും ചവിട്ടി നഗ്നപാദരായി വരുന്നു. കാട്ടുമൃഗങ്ങളെ ഭയപ്പെടണം. സുവിശേഷത്തെ എതിർക്കുന്നവരെയും ഭയപ്പെടണം. എങ്കിലും അവർ കൃത്യസമയത്ത് വന്നു ചേരുന്നു. സങ്കീർത്തനക്കാരൻ എഴുതി" ഞാൻ എപ്പോൾ ദൈവ സന്നിധിയിൽ ചെല്ലുവാനിടയാകും. മാൻ നിർത്തോടുകളിലേക്ക് ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ ദൈവമേ എന്റെ ആത്മാവ് നിന്നോട് ചേരുവാൻ കാംക്ഷിക്കുന്നു'.

# ജനറൽ സെക്രട്ടറിയുടെ കത്ത്



**ഡോ. കെ. മുരളീധർ M.D. MNAMS**

“നിങ്ങൾ പോയി, സകല ജാതികളോടും സുവിശേഷം പ്രസംഗിപ്പിൻ” എന്ന് കൽപ്പിച്ച കർത്താവായ യേശുവിന്റെ നാമത്തിൽ അഭിവാദനങ്ങൾ!

കുറച്ചുനാൾ മുമ്പ് ഒരു വ്യക്തി എന്നോട് ചോദിച്ചു ബൈബിളിൽ ‘മിഷൻ’ എന്ന ഒരു വാക്ക് പോലുമില്ലാത്തപ്പോൾ, നിങ്ങൾ എന്തു കൊണ്ട് നിങ്ങളുടെ പ്രസംഗങ്ങളിൽ മിഷന് ഇത്രമാത്രം പ്രാധാന്യം നൽകുന്നു? ഇതിൽ ഞാൻ ആശ്ചര്യപ്പെട്ടില്ല. കാരണം സഭ ദൃഢമായി വിശ്വസിക്കുന്ന ‘ത്രിത്വം’, എടുത്തു കൊള്ളപ്പെടൽ മുതലായ അടിസ്ഥാന തത്വങ്ങളെക്കുറിക്കുന്ന വാക്കുകൾ ബൈബിളിൽ കാണുന്നില്ല. മിഷൻ എന്ന വാക്ക് ഇല്ലെങ്കിൽ തന്നെയും വേദപുസ്തകത്തിൽ ആ കാര്യം വ്യക്തമാക്കുകയും കൽപനയായി നൽകുകയും ചെയ്തിരിക്കുന്നു എന്നതിൽ അഭിപ്രായ വ്യത്യാസമില്ല. മിഷന് (സുവിശേഷീകരണം) വേണ്ടി മാത്രമുള്ള ഒരു പുസ്തകമാണ് ബൈബിളിൽ എന്നാണ് എന്റെ ദൃഢവിശ്വാസം.

മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന സ്നേഹവാനായ ദൈവത്തെയാണ് വേദപുസ്തകം ചിത്രീകരിക്കുന്നത്. മനുഷ്യ രാശിയുടെ നിത്യരക്ഷ - അതുമാത്രമാണ് ദൈവത്തിന്റെ ലക്ഷ്യം എന്നാണ് വേദപുസ്തകം ചൂണ്ടിക്കാണിക്കുന്നത്. ഒരു പക്ഷേ പലപ്പോഴും കേൾക്കാറുള്ള ഈ പ്രസ്താവന നിങ്ങളും കേട്ടിട്ടുണ്ടാകാം. ദൈവം തന്റെ ഏകജാതനായ പുത്രനെ ഒരു മിഷനറിയായി ലോകത്തിലേക്കയച്ചു. സുവിശേഷീകരണങ്ങളിലെല്ലാം യേശുവിന്റെ ഹൃദയവാഞ്ഛ വ്യക്തമാണ്. ജനത്തെ അവരായിരിക്കുന്ന സ്ഥലങ്ങളിൽ ചെന്നു കണ്ട്, സുവാർത്ത അവരോട്പങ്കുവയ്ക്കുക. തൽഫലമായി നശിച്ചു പോകാതെ അവർ നിത്യജീവൻ പ്രാപിക്കുന്നു.

യേശു ശിഷ്യന്മാരോട് “ഞാൻ അടുത്ത ഊരുകളിലും പ്രസംഗിക്കേണ്ടതിന്നു നാം അവിടേക്കു പോക; ഇതിന്നായിട്ടല്ലോ ഞാൻ പുറപ്പെട്ടു വന്നിരിക്കുന്നതു” എന്നു പറഞ്ഞു (മർക്കോസ് 1:38).

ക്രിസ്തുവിന്റെ ഹൃദയവാഞ്ഛ സുവിശേഷീകരണമായിരുന്നു എന്ന സത്യം ഒരു കഠിനാദ്ധ്വാനിയായ വേദപുസ്തക പഠിതാവിന് മറക്കാൻ സാധ്യമല്ല. ഈ ലക്ഷ്യം നേടുന്നതിന് എന്തും ത്യജിക്കുവാൻ കർത്താവിന് മടിയില്ലായിരുന്നു. ഉദാഹരണമായി ആവശ്യത്തിലിരുന്ന ഒരു പാപിയും, എന്നാൽ സമൂഹം ബഹിഷ്കരിച്ചിരുന്നതുമായ ഒരു സ്ത്രീയെ രക്ഷിക്കുവാൻ യേശു ശമര്യയിൽക്കൂടി കടന്നു പോയി. യോഹന്നാൻ എഴുതുന്നു “അവൻ ശമര്യയിൽക്കൂടി കടന്നു പോകേണ്ടത് ആവശ്യമായിരുന്നു” (യോഹന്നാൻ 4:4). അതിന് ചരിത്രപരമായ ഒരു സുപ്രധാന കാരണമുണ്ടായിരുന്നു. യഹൂദ്യയിൽ നിന്നും ഗലീലയുടെ ഉത്തരഭാഗത്തേക്ക് രണ്ട് രാജവീഥികളുണ്ടായിരുന്നു. ഒന്ന് ഹ്രസ്വമായ പാത, ശമര്യയിൽ കൂടി ആയിരുന്നു. യാഥാസ്ഥിതികരായ യെഹൂദന്മാർ ശമര്യക്കാരെ വെറുത്തിരുന്നതു കൊണ്ട് അവർ ദീർഘമായ പാതയിൽക്കൂടി മാത്രം സഞ്ചരിച്ചിരുന്നു. താൻ ശമര്യയിൽക്കൂടി സഞ്ചരിച്ചാൽ തന്റെ ജനസമ്മതിയും സൽപ്പേരും നഷ്ടപ്പെടും എന്നറിഞ്ഞിട്ടും യേശു ആ വഴി തെരഞ്ഞെടുക്കുവാൻ നിർബന്ധിക്കപ്പെട്ടു. കാരണം രക്ഷ ആവശ്യമായിരുന്ന ഒരു സ്ത്രീ ആ വഴിയിലുണ്ടായിരുന്നു. നഷ്ടപ്പെട്ടു പോകുന്ന ആത്മാക്കളെക്കുറിച്ചുള്ള ഭാരം അതിശക്തമായതിനാൽ യേശു ആ വഴിയിൽക്കൂടി സഞ്ചരിച്ചു. മിഷൻ യേശുവിന്റെ ഹൃദയ വാഞ്ഛയാകാൻ കാരണം നഷ്ടപ്പെടുന്ന മനുഷ്യർക്കുള്ള ഏകരക്ഷാമാർഗ്ഗം സുവിശേ

ഷീകരണം മാത്രമാണെന്നുള്ളതാണ്. സുവിശേഷം കൂടാതെ മനുഷ്യൻ നിസ്സഹായനും പ്രത്യാശയില്ലാത്തവനും നരകയോഗ്യനുമാണ്. നഷ്ടമായവർ ഇത് മനസ്സിലാക്കാറില്ലെങ്കിലും ധനവാന്റേയും ലാസറിന്റേയും കഥ വ്യക്തമാക്കുന്നത് മനുഷ്യന്റെ പ്രത്യാശസുവിശേഷമാണ് എന്നതാണ്. ഫിജിദ്വീപ് സന്ദർശിച്ച ഒരവിശ്വാസിയായ പ്രൊഫസറെക്കുറിച്ച് ഒരു കഥയുണ്ട്. അവിടെ ഗായക സംഘത്തിലെ മുതിർന്ന ഒരംഗത്തോട് പറഞ്ഞു, നിങ്ങൾ മഹാനായ ഒരു നേതാവാണ്. എന്നാൽ പുരാതനകാലത്തെ ക്രിസ്തീയ മിഷനറിമാർ എഴുതിയ പാട്ടുകളാണല്ലോ നിങ്ങളിപ്പോഴും പാടിക്കൊണ്ടിരിക്കുന്നത് എന്നത് സങ്കടകരമാണ്. യേശു ലോകത്തെ രക്ഷിക്കാൻ കുരിശിൽ മരിച്ചു എന്നൊന്നും ആരും ഇപ്പോൾ വിശ്വസിക്കുന്നില്ല. അവർക്ക് ഇപ്പോൾ കൂടുതൽ വിവരമുണ്ട്. ഈ കഥ വിശ്വസിക്കുവാൻ തക്കവണ്ണം നിങ്ങൾ ഒരുവിഡ്ഢിയാണല്ലോ എന്നോർത്ത് ഞാൻ ദുഃഖിക്കുന്നു. ഇതിന് മറുപടി പറഞ്ഞപ്പോൾ ആ പ്രായമുള്ള മനുഷ്യന്റെ കണ്ണുകൾ തിളങ്ങി." ആ വലിയപാറ നിങ്ങൾ കാണുന്നുണ്ടോ? ഞങ്ങളുടെ ഇരകളുടെ തല അതിന്മേലാണ് ഞങ്ങൾ തല്ലിത്തകർത്തത്. അതിനുപ്പുറത്തൊരു തീക്കുണ്ഡം കാണുന്നുണ്ടോ? അതിലാണ് ഞങ്ങൾ മനുഷ്യരെ കൊന്ന്ചുട്ടുതിന്നിരുന്നത്. ഇവിടെ വന്ന ക്രിസ്ത്യൻ മിഷനറിമാരുടെ സുവിശേഷം ഞങ്ങളെ നരഭോജികളിൽ നിന്നും ക്രിസ്തീയ വിശ്വാസികളായി മാറ്റിയില്ലായിരുന്നുവെങ്കിൽ ഇന്ന് നിങ്ങൾ ഞങ്ങളുടെ ഭക്ഷണമായിത്തീരുമായിരുന്നു."

സുവിശേഷീകരണം യേശുവിന്റെ ഹൃദയത്തുടിപ്പും മനുഷ്യവർഗ്ഗത്തിന്റെ ഏക പ്രത്യാശയും ആയതിനാൽ അത് വിട്ടുമാറാത്ത ഒരു ചിന്തയായി എപ്പോഴും സഭയുടെ മനസ്സിൽ പ്രേരണ നൽകേണ്ടതാണ്. ആത്യന്തികമായി, സഭ രക്ഷിക്കപ്പെട്ടവരുടെ സമ്മേളനവും മറ്റുള്ളവരോട് സുവിശേഷം പങ്കുവയ്ക്കുവാനുള്ള ഉത്തരവാദിത്വമുള്ളവരുമാണ്. സഭയുടെ മുന്നിലുള്ള സുപ്രധാമായ ചോദ്യം, നാം സുവിശേഷം അറിയിച്ചില്ലെങ്കിൽ ജനം രക്ഷിക്കപ്പെടുമോ എന്നതല്ല. മറിച്ച് ജനത്തോട് സുവിശേഷം പങ്കുവയ്ക്കാൻ താല്പര്യമില്ലാത്ത നാം യഥാർത്ഥമായി രക്ഷിക്കപ്പെട്ടതാണോ എന്നതാണ്. സഭ തന്റെ മിഷനറി ദൗത്യം നിറവേറ്റുമ്പോൾ മാത്രമാണ് സഭ അതിന്റെ അസ്ഥിത്വം തെളിയിക്കുന്നത്. മിഷ നറി പ്രവർത്തനമാണ് സഭയുടെ ദൗത്യം. ക്രിസ്തുവിലൂടെയുള്ള രക്ഷ സകല മനുഷ്യർക്കും നൽകപ്പെട്ടിരിക്കയാൽ അത് സകല മനുഷ്യരേയും അറിയിക്കേണ്ടതാണ്.മിഷനറി പ്രവർത്തനമില്ലാത്ത സഭ രോഗബാധിതമാണ്. അതിന് നൽകാവുന്ന ഏറ്റവും നല്ല പ്രതിവിധി സുവിശേഷീകരണമെന്ന ആഹാരക്രമമാണ്. പ്രശസ്ത മിഷനറി നേതാവായിരുന്നു ഓസ്വാൾഡ് ജെ സ്മിത്ത് ഒരു മുന്നറിയിപ്പു നൽകി "സുവിശേഷീകരണ പ്രവർത്തനമില്ലാത്ത സഭ ചത്ത്, പാറക്കുള്ളിലെ അസ്ഥിപഞ്ജരമായിത്തീരും".

ലോകസുവിശേഷീകരണത്തിൽ സഭ കാര്യക്ഷമമായി ഭാഗഭാക്കാകണം എന്നത് ദൈവേഷ്ടവും ദൈവകൽപ്പനയുമാണെങ്കിൽ, അത് അവഗണിക്കുന്ന സഭ ദൈവേഷ്ടത്തിന് വിപരീതമാണ്. ദാവീദ് പാപം ചെയ്തപ്പോൾ അതിൽ ഒരു തെറ്റും ഇല്ല എന്ന രീതിയിൽ വർത്തിച്ചു. പക്ഷേ തന്റെ പാപമായി കണ്ട് ഏറ്റുപറയുന്നത് വരെ ദൈവത്തിന്റെ കൈ അവന്റെ മേൽഭാരമായിരുന്നു. പാപബോധം ഉണ്ടായപ്പോൾ ദാവീദ് ഇങ്ങനെ പ്രാർത്ഥിച്ചു." ദൈവമേ നിർമ്മലമായ ഒരുഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായൊരാത്മാവിനെ എന്നിൽ പുതക്കേണമേ. നിന്റെ സന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ, നിന്റെ രക്ഷയുടെ സന്തോഷം എനിക്ക് തിരികെ തരണമേ. മനസ്സൊരുക്കമുള്ള ആത്മാവിനാൽ എന്നെ താങ്ങേണമേ. അപ്പോൾ ഞാൻ അതിക്രമക്കാരോട് നിന്റെ വഴികളെ ഉപദേ ശിക്കും. പാപികൾ നിങ്കലേക്ക് മനം തിരിയും" ( സങ്കീ. 51:10-13).

പാപികളെ ക്രിസ്തുവിങ്കലേക്ക് നയിക്കുന്നതിന് മുമ്പായി, ആത്മാക്കളെ നേടുവാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ രക്ഷയുടെ സന്തോഷം പോയാൽ പുതുക്കണമെന്നത് അടിസ്ഥാന പരമായ ഒരു സത്യമാണ്.

# ദ്രവ്യമോ സകലത്തിനും ഉതകുന്നു



അഡ്. സെക്രട്ടറി
**ബേബി മാത്യൂ**

വേദപുസ്തകത്തിൽ ഏറ്റവും കൂടുതൽ പ്രതിപാദിക്കപ്പെടുന്ന വിഷയം സ്വർഗ്ഗരാജ്യമാണെങ്കിൽ രണ്ടാമതു പ്രതിപാദിക്കപ്പെടുന്ന വിഷയം ദ്രവ്യവുമായി അഥവാ പണവുമായി ബന്ധപ്പെട്ടതാണ്. "നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ; ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ; ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല" എന്ന് നാം എബ്രായർ 13:5 ൽ വായിക്കുന്നു. സദൃശ്യവാക്യങ്ങൾ 28:16 ൽ ദ്രവ്യാഗ്രഹം വെറുക്കണം എന്ന് ശലോമോൻ പ്രബോധിപ്പിക്കുമ്പോൾ അപ്പോസ്തലനായ പൗലോസ് തിമോഥെയോസിന് എഴുതിയ ഒന്നാം ലേഖനം 6-ാം അദ്ധ്യായം 10-ാം വാക്യത്തിൽ ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ എന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ സഭാപ്രസംഗി 10-ാം അദ്ധ്യായം 19-ാം വാക്യത്തിൽ 'ദ്രവ്യമോ സകലത്തിനും ഉതകുന്നു' എന്നാണ് പറഞ്ഞിരിക്കുന്നത്. അതായത് ദ്രവ്യം അഥവാ പണം സകലത്തിനും ഉതകുന്നു എന്ന സഭാപ്രസംഗിയുടെ ആശയത്തിന് ഒരു വിശദീകരണം നൽകാൻ ആഗ്രഹിക്കുന്നു.

**1. ധനം ആഡംബര ജീവിതത്തിന് ഉതകുന്നു** : ലൂക്കോസിന്റെ സുവിശേഷം 16-ാം അദ്ധ്യായത്തിന്റെ 19 മുതലുള്ള വാക്യങ്ങളിൽ ധനവാനായൊരു മനുഷ്യൻ ധൂമ്ര വസ്ത്രവും പട്ടും ധരിച്ചു ദിനം പ്രതി ആഡംബരത്തോടെ സുഖിച്ചു കൊണ്ടിരുന്നു എന്ന് യേശു കർത്താവ് പറയുമ്പോൾ ഈ ധനവാനായ മനുഷ്യൻ തന്റെ ധനം ആഡംബര ജീവിതത്തിനായി വിനിയോഗിച്ചു എന്ന് നമുക്ക് മനസ്സിലാക്കാം. എന്നാൽ തന്റെ ആഡംബര ജീവിതവും സുഖലോലുപതയും തന്നെ കൊണ്ടു വന്നെത്തിച്ചത് യാതനാസ്ഥലത്താണ്. അതുകൊണ്ട് ദൈവം നമുക്ക് തരുന്ന ധനം ആഡംബരത്തിനും സുഖലോലുപതക്കും ഉപയോഗിക്കരുത് എന്ന ഒരു കനത്ത താക്കീതാണ് ഈ ഉപമയിലൂടെ കർത്താവ് നമുക്ക് തരുന്നത്.

**2. ധനം സാധുക്കൾക്ക് ഉതകി** : ഈയ്യോബ് പറയുന്നു, ( ഈയ്യോബ് 31 :16,17) ദരിദ്രന്മാരുടെ ആഗ്രഹം ഞാൻ മുടക്കിയിട്ടില്ല. അതായത് ഒരു ദരിദ്രനും ഈയ്യോബിന്റെ മുന്നിൽ വന്ന് നിരാശനായി പോകേണ്ടി വന്നിട്ടില്ല. വിധവയായ സ്ത്രീക്ക് കൊടുക്കാമെന്ന് പറഞ്ഞിട്ട് അവളുടെ കണ്ണ് ആകാംക്ഷയോടെ കാത്തിരുന്ന് ക്ഷീണിപ്പിക്കാൻ ഞാൻ ഇടവരുത്തിയിട്ടില്ല. അനാഥന് അംശം കൊടുക്കാതെ ഞാൻ എന്റെ ആഹാരം തനിയെ കഴിച്ചിട്ടില്ല. ഈയ്യോബിന് ദൈവ സന്നിധിയിൽ പറയാൻ നല്ല പ്രാഗത്ഭ്യമുണ്ടായിരുന്നു. ദൈവം തനിക്ക് നൽകിയ ധനം സാധുക്കൾക്ക് ഉതകി.

**3. ധനം ആലയനിർമ്മാണത്തിന് ഉതകി** : 1 ദിനവൃത്താന്തം 22 ന്റെ 14 ൽ ദാവീദ് ഇപ്രകാരം പറയുന്നു " ഇതാ ഞാൻ എന്റെ കഷ്ടത്തിൽ യഹോവയുടെ ആലയത്തിനായി ഒരു ലക്ഷം താലന്ത് പൊന്നും പത്ത് ലക്ഷം താലന്ത് വെള്ളിയും പെരുപ്പം നിമിത്തം തൂക്കമില്ലാത്ത താമ്രവും ഇരുമ്പും സ്വരൂപിച്ചിട്ടുണ്ട്. ഒരു താലന്ത് എന്നത് 30 കിലോഗ്രാം എന്ന കണക്കിൽ ദാവീദ് രാജാവ് യെരുശലേമിലെ ആലയ നിർമ്മാണത്തിന് 30 ലക്ഷം കിലോ സ്വർണ്ണവും, 300 ലക്ഷം കിലോ വെള്ളിയും, തൂക്കി നിർണ്ണയിക്കാൻ കഴിയാത്തത്ര താമ്രവും, ഇരുമ്പും തന്റെ മകനായ ശലോമോന്റെ കൈകളിൽ കൊടുത്തു. അതായത് ദാവീദ് സ്വരൂപിച്ച ധനം മുഴുവൻ ദൈവത്തിന്റെ ആലയനിർമ്മാണത്തിന് ഉതകി. അതിന്റെ പുതിയ നിയമ ഭാഷ്യത്തിലേക്ക് വരുമ്പോൾ യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെടുന്നവരാണ് ദൈവത്തിന്റെ ആലയം. അതായത് ധനം സുവിശേഷീകരണത്തിന് ഉതകണം.

**4. ധനം അതി ദാരുണമായ അന്ത്യത്തിന് ഉതകി** : അപ്പോസ്തോല പ്രവൃത്തികൾ 1-ാം അദ്ധ്യായം 18-ാം വാക്യത്തിൽ യൂദാ അനീതിയുടെ കൂലി കൊണ്ട് ഒരു നിലം മേടിച്ചു തല കീഴായി വീണു നടുവേ പിളർന്ന് അവന്റെ കുടലെല്ലാം തുറിച്ചുപോയി എന്ന് എഴുതിയിരിക്കുന്നു. ആ നിലത്തിന് രക്തനിലം എന്നർത്ഥമുള്ള അക്കല്ദാമാ എന്നു പേരായി. യേശുവിനെ കാണിച്ചു കൊടുത്തു സമ്പാദിച്ച യൂദയുടെ ധനം അവന്റെ ദാരുണമായ അന്ത്യത്തിന് ഉതകി.

**5. ധനം ചവറിന് ഉതകി** : ഫിലിപ്പ്യലേഖനം 3-ാം അദ്ധ്യായം 7-ാം വാക്യത്തിൽ 'എനിക്ക് ലാഭമായിരുന്നതൊക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്ന് എണ്ണിയിരിക്കുന്നു' എന്നും, 11-ാം വാക്യത്തിൽ 'എല്ലാം ഉപേക്ഷിച്ച് ചവറ് എന്ന് എണ്ണുന്നു' എന്നും പറയുമ്പോൾ പൗലോസ് തനിക്കുണ്ടായിരുന്ന ഭൗതീക ധനം എന്തിന് ഉതകി എന്ന് വ്യക്തമാക്കുന്നു. ദ്രവ്യമോ സകലത്തിനും ഉതകുന്നു എന്നു പറയുമ്പോൾ അത് ആഡംബരത്തിനോ അനർത്ഥത്തിനോ ആകാതെ സാധുക്കളുടെ നന്മക്കും, സുവിശേഷീകരണത്തിനും, ദൈവനാമ മഹത്വത്തിനും, ദൈവരാജ്യ വ്യാപനത്തിനും ഉതകേണ്ടതാകുന്നു.

# ട്രൈബൽമിഷൻ ഫീൽഡ്സെക്രട്ടറിയുടെ 2026 ജൂലൈ മാസത്തെ സെന്റർ സന്ദർശന റിപ്പോർട്ട്.

**2026 ജൂലൈ 12 -ാം തീയതി - ഞായർ (രാവിലെ)**

ദൈവ കൃപയാൽ അടിമാലിയ്ക്ക് അടുത്തുള്ള തുമ്പിപ്പാറകുടി ട്രൈബൽ മിഷൻ സെന്ററിൽ രാവിലെ 10 മണി മുതൽ നടന്ന ആരാധനയിൽ പങ്കെടുത്തു. Pr. സാമുവേൽ സാബു ആണ് അവിടുത്തെ മിഷണറി. ഏതാണ്ട് 25 അംഗങ്ങൾ ആരാധനയ്ക്ക് വന്നിരുന്നു. പാട്ട്, പ്രാർത്ഥന, പ്രബോധനം എന്നിവയ്ക്കു ശേഷം, ഞങ്ങൾ തിരുവചനം പങ്കുവെച്ചു. പങ്കെടുത്ത എല്ലാവർക്കും ഉച്ചഭക്ഷണം ക്രമീകരിച്ചിരുന്നു. ഇപ്രകാരം ആ സെന്ററിലെ വിശ്വാസികളോടു ചേർന്ന് ദൈവത്തെ ആരാധിക്കുവാൻ ലഭിച്ച അവസരത്തിനായി ദൈവത്തെ സ്തുതിക്കുന്നു. പാസ്റ്റർ സാമുവേൽ സാബുവിനോടും കുടുംബത്തോടും, സഭാ അംഗങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു. 13 -ാം തീയതി ഞായർ (വൈകിട്ട്)ചിന്നപ്പാറക്കുടി ട്രൈബൽമിഷൻ സെന്ററിലെ അംഗങ്ങൾക്ക് വന്നുചേരുവാനുള്ള സൗകര്യാർത്ഥം, പാ: ജയറാമിന്റേയും ഷൈനിയുടേയും ഭവനത്തിൽ വെച്ച് വൈകുന്നേരം 6 മണി മുതൽ ഒരു സന്ധ്യാ പ്രാർത്ഥന ക്രമീകരിച്ചിരുന്നു. ചില മാസങ്ങൾക്കുമുൻപേ ഞങ്ങൾ അവിടെ ആരാധനയ്ക്ക് ചെന്നപ്പോൾ അവിടുത്തെ അംഗങ്ങളായ സഹോദരിമാർ ഒരു ആവശ്യം ഞങ്ങളെ അറിയിച്ചിരുന്നത് കഴിഞ്ഞ സന്ദർശന റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. അവർക്ക് ആരാധനയിൽ പങ്കെടുക്കുവാൻ ഓരോ വെള്ളസാരി വേണമെന്നായിരുന്നു ആവശ്യം. ശ്രമിക്കാം എന്ന് പറഞ്ഞ് ഞങ്ങൾ മടങ്ങിപ്പോന്നു. ദൈവകൃപയാൽ, ഞങ്ങളെ സഹായിക്കുന്ന ഫാമിലി ഗ്രൂപ്പ് അതിനു വേണ്ട പണം തന്നതുകൊണ്ട് സാരി വാങ്ങിയത്, കൊടുക്കുവാനാണ് ഞങ്ങൾ പോയത്. അവിടുത്തെ പാസ്റ്റർ കുമാരനും കുടുംബവും മറ്റ് മക്കളും ചിന്നപ്പാറ കുടി സെന്ററിലെ വിശ്വാസികളും കുട്ടികളും ഉൾപ്പെടെ 30 ആളുകൾ ആ ഭവന പ്രാർത്ഥനയിൽ പങ്കെടുത്തു. പാട്ട്, പ്രാർത്ഥന എന്നിവയ്ക്കു ശേഷം മത്തായി 21:22 ലെ' നിങ്ങൾ വിശ്വസിച്ചു കൊണ്ട് പ്രാർത്ഥനയിൽ എന്തു യാചിച്ചാലും നിങ്ങൾക്കു ലഭിക്കും 'എന്ന തിരുവചനം അടിസ്ഥാനമാക്കി ഒരു ചെറിയ ദൂത് കൊടുത്തു. പിന്നീട് 19 സാരികൾ അവിടെ ഉണ്ടായിരുന്ന സഹോദരിമാർക്ക് വിതരണം ചെയ്തു. അവരുടെ മുഖത്തെ സന്തോഷം കണ്ട് ഞങ്ങൾ ദൈവത്തെ സ്തുതിച്ചു. പ്രാർത്ഥന, ആശിർവാദം, എന്നിവയോടെ ആ ചെറിയ കൂട്ടായ്മ അവസാനിച്ചു. പങ്കെടുത്ത എല്ലാവർക്കും ചായയും പലഹാരവും കൊടുത്തു. ആ സെന്ററിലെ സഹോദരിമാരുടെ ചെറിയ ഒരാഗ്രഹം സാധിച്ചു കൊടുക്കുവാൻ ഞങ്ങളെ മുഖാന്തിരമാക്കിയ ദൈവത്തിന് നന്ദി പറഞ്ഞു കൊണ്ടും ആത്മ സംതൃപ്തിയോടും ഞങ്ങൾ മടങ്ങിപ്പോന്നു. ജൂലൈ 25, (ശനി) വൈകുന്നേരം വട്ടലക്കി ബഥനി ബാലഭവൻ. എന്റെ സ്നേഹിതനായ Mr. Thomas P. John ന്റേയും, Mrs. Annamma Thomas ന്റേയും വിവാഹ വാർഷികത്തോടനുബന്ധിച്ച് ബാലഭവനിലെ കുട്ടികൾക്ക് രാത്രി ഭക്ഷണം കൊടുക്കുവാനാണ് ഞങ്ങൾ പോയത്. K.K. Koshy സാറും Mrs. Grace Koshy യും സ്റ്റാഫ് അംഗങ്ങളും ചേർന്ന് നല്ല ഭക്ഷണം ക്രമീകരിച്ചിരുന്നു. അട്ടപ്പാടിയിൽ മെഡിക്കൽ ക്യാമ്പ് നടത്തുവാനായി നാഗർകോവിൽ നിന്നും എത്തിയിരുന്ന ഡോക്റ്റേഴ്സും, മറ്റ് സ്റ്റാഫ് അംഗങ്ങളും ഉൾപ്പടെ 15 പേർ ഡോ: മുരളീധറിന്റ നേതൃത്വത്തിൽ അന്ന് കുട്ടികളോടു കൂടെ ഭക്ഷണം കഴിക്കുവാൻ എത്തിയിരുന്നത് വളരെ സന്തോഷകരമായിരുന്നു. ഭക്ഷണത്തിനു മുൻപ് കുട്ടികൾക്കു വേണ്ടി സാധാരണ നടത്തുന്ന മീറ്റിംഗിലും അവർ പങ്കടുത്ത് നല്ല ഗാനങ്ങൾ ആലപിക്കുകയും ദൈവവചനം അറിയിക്കുകയും ചെയ്തത് എല്ലാവർക്കും പ്രോൽസാഹജനകമായി. കൂടാതെ കുട്ടികളുടെ വിവിധ കലാപരിപാടികൾ

അന്നത്തെ മീറ്റിംഗിന് മിഴിവേകി. തുടർന്ന് എല്ലാവരും കുട്ടികളോടൊരുമിച്ച് ഭക്ഷണം കഴിച്ചു. എല്ലാം ഭംഗിയായി ക്രമീകരിച്ച K.K. Koshy സാറിനോടും Mrs.Grace Koshy യോടും മറ്റ് സ്റ്റാഫ് അംഗങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു. നാഗർകോവിൽ Team അംഗങ്ങളുമായി അന്നത്തെ പരിപാടിയിൽ കടന്നുവന്ന Dr. Muralidhar നോടുള്ള പ്രത്യേക സ്നേഹവും നന്ദിയും അറിയിക്കുന്നു.

**ജൂലൈ 26 – ഞായർ ( രാവിലെ )**

ആരാധനയ്ക്കായി നക്കുപതി ട്രൈബൽ മിഷൻ സെന്ററിൽ പോയി. K.K. Koshy സാറും Mrs Grace Koshy യും ഞങ്ങളോടൊപ്പം വന്നിരുന്നു. പാസ്റ്റർ നഞ്ചനും സന്നിഹിതരായിരുന്ന അംഗങ്ങളും ഞങ്ങളെ സ്വീകരിച്ചു. 17 കുടുംബങ്ങളാണ് ആ സെന്ററിൽ ഉള്ളത് എന്ന് പാ : നഞ്ചൻ പറഞ്ഞു. 10. 30 ന് ആരംഭിച്ച ആരാധനയിൽ 25പേർ പങ്കെടുത്തു. ഗാനശുശ്രൂഷയ്ക്ക് നേതൃത്വം കൊടുത്തത് പാ: നഞ്ചന്റെ മകനും ഡ്രം അടിച്ചത് മകളും ആയിരുന്നു എന്നത് വളരെ ശ്രദ്ധേയമായി. പാസ്റ്ററുടെ ഭാര്യയും ആരാധന അനുഗ്രഹീതമാക്കാൻ തന്നാൽ ആവത് ചെയ്തു. അങ്ങനെ കുടുംബമായി ദൈവാരാധനയ്ക്ക് നേതൃത്വം കൊടുക്കുന്ന ആ സഭയെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ആരാധനാ മദ്ധ്യേ, KK Koshy സാറും Mrs. Grace Koshy യും പ്രബോധങ്ങൾ കൊടുത്തു. ഞങ്ങളും ദൈവവചനം അറിയിച്ചു. ആരാധനയ്ക്ക് ശേഷം 17 കുടുംബങ്ങൾക്ക് Food Kit നൽകി. എല്ലാവർക്കും ഉച്ച ഭക്ഷണവും നൽകി. വളരെ അനുഗ്രഹീതമായി നടന്ന പ്രസ്തുത ആരാധനയിൽ പങ്കെടുക്കാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. പാ: നഞ്ചനോടും കുടുംബത്തോടും പങ്കെടുത്ത അംഗങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു. മടങ്ങി വട്ടലക്കിയിൽ പോകുന്ന വഴിയിൽ പാക്കുളം ട്രൈബൽ മിഷൻ സെന്ററിൽ കയറി. ഫാമിലി ഗ്രൂപ്പിന്റെ സഹായത്തോടെ 50,000 രൂപാ മുടക്കി അവിടെ കുഴിപ്പിച്ച കിണർ കാണുവാനും പ്രാർത്ഥിക്കുവാനുമാണ് കയറിയത്. അവിടുത്തെ ആരാധനകഴിഞ്ഞ് പാസ്റ്റർ സാഹുവും അംഗങ്ങളും ഞങ്ങളെ കാത്തു നിൽക്കുന്നുണ്ടായിരുന്നു. വർഷങ്ങളായി അനുഭവിച്ച വെള്ളത്തിന്റെ ദാരിദ്ര്യം ദൈവം മാറ്റികൊടുത്തു. ഇപ്പോൾ കിണർ നിറയെ വെള്ളം ഉണ്ട്. ദൈവത്തിന് സ്തോത്രം. കിണറ്റിലെ വെള്ളം ഉപയോഗിച്ച് ഉണ്ടാക്കിയ പായസം ഞങ്ങൾക്കും തന്നു. പ്രാർത്ഥിച്ചതിനുശേഷം ഞങ്ങൾ മടങ്ങി വട്ടലക്കിയിൽ വന്നു. 26th ഞായർ 4 pm. കുട്ടികൾക്ക് കാഷ് അവാർഡ് ദാനം. വട്ടലക്കി BEMHS -ൽ നിന്നും ഈ വർഷം SSLC പരീക്ഷയിൽ ഏറ്റവും ഉയർന്ന മാർക്കു വാങ്ങിയ ഒരു കുട്ടിയ്ക്കും , ബാല ഭവനിൽ താമസിച്ച് പഠിച്ച് SSLC ക്ക് ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയ ഒരു ആൺകുട്ടിയ്ക്കും രണ്ടു പെൺകുട്ടികൾക്കും (ഒരേ മാർക്ക്) 5000 രൂപ വീതം കാഷ് അവാർഡ് നൽകി. കൂടാതെ ബാലഭവനിൽ താമസിച്ച് പഠിച്ച് SSLC പരീക്ഷ ജയിച്ച 11 കുട്ടികൾക്കും, പാക്കുളം TMC പാസ്റ്റർ സാഹുവിന്റെ മകൻ പ്രീതം സാഹുവിനും 1000 രൂപാ വീതം പ്രോൽസാഹന സമ്മാനവും കൊടുത്തു. സമ്മാനാർഹരായ കുട്ടികളിൽ ചിലരുടെ മാതാക്കൾ ഈ ചടങ്ങിൽ പങ്കെടുത്തു. എല്ലാവർക്കും ചായസൽക്കാരം നൽകി.ഈ പ്രോഗ്രാം ഭംഗിയായും അടുക്കുംചിട്ടയോടും ക്രമീകരിച്ച K.K. Koshy സാർ Mrs.Grace Koshy , സ്റ്റാഫ്അംഗങ്ങൾ എന്നിവരോടും കുട്ടികൾക്ക് കൊടുക്കാൻ പണം തന്നു സഹായിച്ച ( Rs 32,000 /) Mr. Thomas P John,Mrs Annamma Thomas എന്നിവരോടുമുള്ള നന്ദി അറിയിക്കുന്നു. എല്ലാ മഹത്വവും വലിയവനായ ദൈവത്തിന് അർപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് ചുരുക്കുന്നു.

Reports Prepared by :

1. Dr. Thomas David,
   Field Secretary,
   Tribal Mission.
2. Pr. Sabu John,
   Coordinator / Supervisor,
   Trivandrum Region

# ഇരുളിൽനിന്നും വെളിച്ചത്തിലേക്ക്: മലയോര മേഖലകളിൽ പ്രത്യാശയുടെ വേദപാഠശാല

ഇരുട്ടിൽ കിടന്നിരുന്ന ഒരു ജനതയെ വെളിച്ചത്തിലേക്ക് നയിക്കുവാൻ പ്രിയപ്പെട്ട ദൈവദാസന്മാർ സഹിക്കുന്ന ത്യാഗങ്ങൾ എത്ര പ്രശംസിച്ചാലും മതിയാവുന്നതല്ല. എളിയവരോട് കരുണ കാണിക്കുവാനും, പ്രയാസങ്ങളിലൂടെ കടന്നു പോകുന്ന മിഷനറിമാരെ അവരുടെ സങ്കടങ്ങളിൽ ചേർത്തുപിടിച്ച് ആത്മീയ കൂട്ടായ്മ പങ്കുവെക്കുവാനും ഈ പ്രിയപ്പെട്ടവർ കാണിക്കുന്ന നല്ല മനസ്സിന് ദൈവം വലിയ പ്രതിഫലം നൽകി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



Dr. K.P. SAM

ദൈവ വേലയിൽ ആയിരിക്കുന്ന ദൈവദാസന്മാർക്കായി ദൈവദാസനും പ്രമുഖ വേദാധ്യാപകനുമായ ഡോ. കെ. പി. സാം സാറിന്റെ നേതൃത്വത്തിൽ നടക്കുന്ന ബൈബിൾ ക്ലാസുകൾ ഇന്ന് മലയോര മേഖലകളിൽ വലിയആത്മീയ ഉണർവാണ് സൃഷ്ടിച്ചു കൊണ്ടിരിക്കുന്നത്. ഇതിൽ വയനാട് ജില്ലയെ കേന്ദ്രീകരിച്ചു നടക്കുന്ന പ്രവർത്തനങ്ങ ളാണ് ഏറ്റവും പ്രധാനപ്പെട്ടതും മാതൃകാപരവു മായിട്ടുള്ളത്. വയനാട്ടിലെ ആത്മീയ മുന്നേറ്റം വയനാട്ടിൽ 2011 ജനുവരി മാസത്തിലാണ് ഈ അനുഗ്രഹിക്കപ്പെട്ട ബൈബിൾ ക്ലാസുകൾക്ക് തുടക്കം കുറിക്കുന്നത്. തങ്ങളുടെ സ്വന്തം നാടും സുഖ സൗകര്യങ്ങളും മാറ്റിവെച്ച്, യാതൊരുവിധ ലാഭേച്ഛയും പ്രതീക്ഷിക്കാതെ, സ്വന്തം കയ്യിലെ പണം ഉപയോഗിച്ചാണ് ഇവർ ഒരു ടീമായി വയനാട്ടിലേക്ക് കടന്നുവന്നത്. നാളിതുവരെ ഈ മലയോര മേഖലയിലെ പ്രവർത്തനങ്ങൾക്കായി അവർ വലിയൊരു ത്യാഗവും സേവനവുമാണ് സമർപ്പിച്ചിരിക്കുന്നത്. ഇവരുടെ ആത്മാർത്ഥമായ ശുശ്രൂഷയുടെ ഫലമായി വയനാട്ടിലെ പ്രാദേശിക വിശ്വാസികളിൽ നിന്നും എഴുപത്തഞ്ചു ശതമാനത്തിലധികം (75%+) മിഷനറിമാരെ ദൈവവേലയ്ക്കായി ഒരുക്കിയെടുക്കുവാൻ സാധിച്ചു എന്നത് ഈ ദൗത്യത്തിന്റെ ഏറ്റവും വലിയ വിജയമായി വിലയിരുത്തപ്പെടുന്നു. വളർച്ചയുടെയും പ്രതിസന്ധികളുടെയും നാൾവഴികൾ വയനാട് കൂടാതെ ആട്ടപ്പാടി, അടിമാലി, കൊരങ്ങാട്ടി, മഞ്ചൂൽ എന്നീ സമാനമായ മലയോര-ഗോത്ര മേഖലകളിലും ഈ ക്ലാസുകൾ ദൈവമക്കളുടെ ആത്മീയ വളർച്ചയ്ക്കും ദൈവിക ശുശ്രൂഷകളിലെ പങ്കാളിത്തത്തിനും വലിയൊരു പ്രോത്സാഹനമായി മാറി. 2013-2014 കാലയളവിൽ അട്ടപ്പാടിയിലും, 2014-2017 കാലഘട്ടത്തിൽ അടിമാലിയിലും ഈ ക്ലാസുകൾ സജീവമായി നടന്നു. കോവിഡ് മഹാമാരി മൂലം 2019 മുതൽ 2023 വരെയുള്ള ചുരുങ്ങിയ കാലയളവിൽ ക്ലാസുകൾക്ക് തടസ്സം നേരിട്ടെങ്കിലും, 2024-ൽ വീണ്ടും ഇവ പൂർവ്വാധികം ശക്തിയോടെ പുനരാരംഭിച്ചു. നിലവിൽ അടിമാലിയിൽ ഈ ക്ലാസുകൾ തുടർച്ചയായി നടക്കുന്നുണ്ട്. സാം സാറിനൊപ്പം ബ്രദർ ജോസഫ്, ബ്രദർ സണ്ണി എന്നിവരും ഈ ശുശ്രൂഷയ്ക്ക് വലിയ രീതിയിൽ കൈത്താങ്ങൽ നൽകി വരുന്നു. സൗജന്യ പരിശീലനവും മിഷനറി ദൗത്യവും ശിഷ്യത്വ പരിശീലനം മുതൽ വേദപുസ്തക വ്യാഖ്യാനം വരെ വിവിധ തലങ്ങളിലായി നൽകുന്ന ഈ ക്ലാസുകൾ ദൈവദാസന്മാർക്ക് തങ്ങളുടെ സംശയങ്ങൾ ചോദിച്ചറിയുവാനും ആശയങ്ങൾ പങ്കുവെക്കാനുമുള്ള മനോഹരമായ ഒരു വേദിയാണ്. ഈ പഠനത്തിലൂടെ വിശ്വാസത്തിലേക്ക് വരികയും ദൈവവേലയ്ക്ക് പോകുവാൻ സന്നദ്ധരാവുകയും ചെയ്ത ആളുകൾക്ക് തികച്ചും സൗജന്യമായാണ് ട്രെയിനിങ് ക്ലാസുകൾ നൽകിവരുന്നത്. ഇങ്ങനെ ആത്മീയ പരിശീലനം ലഭിച്ചവരെ മിഷനറിമാരായി പറഞ്ഞയച്ച്, അനേകരെ ദൈവരാജ്യത്തിന് കൊള്ളാവുന്നവരായി നേടിയെടുക്കുവാൻ ഈ ദൈവദാസന്മാർക്ക് സാധിക്കുന്നു. നന്ദിയോടെ 'ട്രൈബൽ മിഷൻ' തങ്ങളുടെ സമയവും ധനവും ദൈവവേലയ്ക്കായി പൂർണ്ണമായി മാറ്റിവെച്ച് കടന്നുവരുന്ന പ്രിയപ്പെട്ട സാം സാറിനോടും, സണ്ണി സാറിനോടും, ജോസഫ് സാറിനോടും, അവരുടെ കൂടെയുള്ള ദൗത്യ സംഘത്തോടും ആ കുടുംബത്തോടുമുള്ള പ്രത്യേക നന്ദിയും ആദരവും കടപ്പാടും ഈ സമയത്ത് 'ട്രൈബൽ മിഷൻ' ഭാരവാഹികൾ ഹൃദയപൂർവ്വം അറിയിക്കുന്നു. ദൈവരാജ്യ ത്തിന്റെ വ്യാപ്തിക്കായി ഇവരുടെ പ്രവർത്തനങ്ങളെ ദൈവം ഇനിയും അനേകർക്ക് അനുഗ്രഹമാക്കി മാറ്റട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# ...... ബഥനി അട്ടപ്പാടിയിൽ നിന്നും സ്നേഹപൂർവ്വം ......

കർത്താവിൽ പ്രിയരെ, അട്ടപ്പാടി ബഥനിയിൽ നിന്നും സ്നേഹവന്ദനം

Dr തോമസ് ഡേവിഡ് സാർ തന്റെ കഴിഞ്ഞ സന്ദർശനത്തിൽ പത്താംക്ലാസ് പരീക്ഷയിൽ ഏറ്റവും ഉയർന്നമാർക്ക് വാങ്ങിയ 2 കുട്ടികൾക്ക് ക്യാഷ് അവാർഡുകൾ നൽകാം എന്ന് വാക്ക് പറഞ്ഞിരുന്നു. വാക്ക് പറഞ്ഞത് പോലെ Dr തോമസ് ഡേവിഡ്, ബ്രദർ ബാലകൃഷ്ണൻൻ, Pr സാബു ജോൺ തുടങ്ങിയവർ 25/7/26 നു തിരുവനന്തപുരത്തു നിന്ന് എത്തിച്ചേർന്നു. വൈകിട്ട് നടന്ന പ്രാർത്ഥനാ യോഗത്തിൽ നാഗർകോവിൽ പ്രയർ ഫെല്ലോഷിപ്പ് മെഡിക്കൽ ടീമും അവരോടൊപ്പം ചേർന്നു. Dr കെ. മുരളീധർ, Dr സാം സഹായദാസ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ കുട്ടികൾ അവരുടെ പരിപാടികൾ ഗംഭീരമായി നടത്തി. വിക്ടറി മെട്രികുലേഷൻ സ്കൂൾ പ്രിൻസിപ്പാൾ Mrs Lattishiya കുട്ടികൾക്കായി നല്ല പ്രബോധനം നൽകി. റവ. ജോൺസൺ ഗിൽബെർട്ട് പ്രാർത്ഥിച്ചു അനുഗ്രഹിച്ചു യോഗം അവസാനിപ്പിച്ചു. തുടർന്ന്, തോമസ് P ജോൺ-അന്നമ്മ ജോൺ, TVM ദമ്പതികളുടെ വിവാഹവാർഷീകം പ്രമാണിച്ചു അവരുടെ വകയായി നൽകിയ സ്നേഹവിരുന്നിൽ എല്ലാവരും പങ്കുകൊണ്ടു. ഞായറാഴ്ച്ച ഉച്ച കഴിഞ്ഞു, അറിയിച്ചിരുന്നത് അനുസരിച്ചു പത്താം ക്ലാസ് കുട്ടികളും അവരുടെ മാതാപിതാക്കളും ബഥനി ബാലഭവനിൽ എത്തിച്ചേർന്നു. ബഥനി സ്കൂളിലെ ഏറ്റവും ഉയർന്ന മാർക്ക് വാങ്ങിയ ഒരാൾക്കും ബാലഭവനിലെ ഏറ്റവും ഉയർന്ന മാർക് വാങ്ങിയ 2 പേർക്കും രൂപ 5000/ വീതം ക്യാഷ് അവാർഡ് ആയും ബാലഭവനിലെ ബാക്കി 12 കുട്ടികൾക്കും പ്രോത്സാഹനമായി രൂപ 1000/ വീതവും Dr. തോമസ് ഡേവിഡ് സാർ നൽകി.ലഭിച്ച തുകകൾ കുട്ടികളുടെ തുടർപഠനത്തിന് തീർച്ചയായും സഹായമാകും. ഈ വലിയ പ്രോത്സാഹനത്തിന് Dr. തോമസ് ഡേവിഡ് സാറിന്റെ കുടുംബത്തോടുള്ള നന്ദി അറിയിക്കുന്നു. നാളുകളായി എറണാകുളം ഇവാൻജെലിക്കൽ ചർച്ചിലെ സഹോദരങ്ങൾ അട്ടപ്പാടിയിലെ ട്രൈബൽ മിഷൻ പ്രവർത്തനങ്ങൾ നേരിട്ട് കാണണം എന്ന് ആഗ്രഹിച്ചു ഒരുക്കം തുടങ്ങിയിട്ട്. അതെപോലെ, തങ്ങളുടെ 44-മത് വിവാഹ വാർഷീകം ബാലഭവനിലെ കുട്ടികളോടൊത്തു ആഘോഷിക്കണം എന്ന് ആഗ്രഹിച്ചിട്ടും അന്നും എത്തിച്ചേരാൻ പ്രിയ പി.ഇ. തോമസ്-വത്സ തോമസ് ദമ്പതികൾക്കു സാധിച്ചില്ല. എന്നാൽ, അന്ന് (16/7/26) കുട്ടികൾക്ക് സ്നേഹവിരുന്ന് എത്തിച്ചു നൽകി. ദൈവം അനുവദിച്ച സമയത്തു, ബഹുമാനപ്പെട്ട ട്രൈബൽ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ശ്രീ. ടി. രാജു സാറിന്റെ നേതൃത്വത്തിൽ തോമസ്-വത്സ ദമ്പതികളും ശ്രീ N. J. രാജു-ലിസി ദമ്പതികളും ശ്രീ കെ. സി. കുര്യൻ സാർ തുടങ്ങി 6 പേർ അടങ്ങിയ ടീം 1/8/26 ശനിയാഴ്ച്ച വൈകിട്ട് വട്ടലക്കി ബഥനിയിൽ എത്തിച്ചേർന്നു.ബഥനിയിലെ വൈകിട്ടത്തെ പ്രാർത്ഥനാ യോഗത്തിൽ പങ്കെടുത്തു, കുട്ടികൾക്കായി നല്ല പ്രബോധനങ്ങൾ നൽകി. തുടർന്നു നടത്തിയ സ്നേഹവിരുന്നിലും അടുത്ത ദിവസം നടന്ന അട്ടപ്പാടി പൊതുസഭായോഗത്തിലും പ്രിയപ്പെട്ടവർ പങ്കെടുക്കുകയുണ്ടായി. ഉച്ച കഴിഞ്ഞു ഫീൽഡ് സന്ദർശനത്തിന് ശേഷം എറണാകുളം ടീം മടങ്ങി. പ്രിയപ്പെട്ടവർ മിഷനോടും ഇവിടുത്തെ കുട്ടികളോടും കാണിച്ച സ്നേഹസഹായങ്ങൾക്ക് ക്രിസ്തുയേശുവിൽ നന്ദി പറയുന്നു.ആഗസ്റ്റ് 12-നു പോത്തുപാടി പ്രാർത്ഥനാ ഹാൾ സമർപ്പണ ശുശ്രൂഷക്ക് ശേഷം തിരുമല പ്രയർ ഫെല്ലോഷിപ് ബ്രദർ സ്റ്റാൻലിയുടെ നേതൃത്വത്തിൽ ബാലഭവൻ സന്ദർശിക്കുകയും പ്രിയപ്പെട്ടവരുടെ വകയായി എല്ലാവര്ക്കും സ്നേഹവിരുന്നു ഒരുക്കുകയും ചെയ്തു. പ്രിയപ്പെട്ടവരോടുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. ഓണാവധിക്കു ശേഷം സ്കൂൾ തുറന്നു എങ്കിലും കുട്ടികൾ എല്ലാവരും എത്തിച്ചേർന്നിട്ടില്ല. മടി പിടിച്ചിരിക്കാതെ എല്ലാ കുട്ടികളും വേഗത്തിൽ വന്നു ചേരുവാനും ഉത്സാഹിച്ചു തുടർന്ന് പഠിക്കുവാനും നിങ്ങളുടെ പ്രാർത്ഥനചോദിക്കുന്നു. ദൈവത്തിനു സകലമഹത്വവും അർപ്പിച്ചു കൊണ്ട് പ്രാർത്ഥനയോടെ

ക്രിസ്തുവിൽ കെ . കെ . കോശി

# പദപ്രശ്നം 20

(റ്റി.യു ഉതുപ്പ്, തിരുവനന്തപുരം)

**ശ്രദ്ധിക്കുക :**
ഉത്തരങ്ങൾ രണ്ടു രീതിയിൽ അയക്കാം. സൂചനകൾ നോക്കി വലത്തോട്ടുള്ളവ വേറെയും താഴോട്ടുള്ളവ വേറെയും വ്യക്തമായി കാണിച്ച് അയക്കാം അല്ലെങ്കിൽ ഒരു പോസ്റ്റ് കാർഡിൽ കോളങ്ങൾ വരച്ച്, കോളങ്ങൾ പൂരിപ്പിച്ച് അയക്കാം. അയക്കേണ്ട വാട്ട്സ് ആപ്പ് നമ്പർ 8714484527. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി 2026 ഒക്ടോബർ 30.

| | | | | | |
|---|---|---|---|---|---|
| 1 | 9 | 11 | 2 | 13 | 14 |
| 8 | | 3 | | 4 | |
| | 10 | 5 | | | |
| 6 | | | 12 | | 15 |
| | | 7 | | | |

## സൂചനകൾ (Clues)

**വലത്തോട്ട്**

1. യിസഹാക്കിനെ യാഗം കഴിയ്ക്കാൻ കൊണ്ടുപോയ മല (5)
2. കുന്ന് (2)
3. ഫെലിസ്ത്യരുടെ വലിയ പട്ടണം (2)
4. ഇത് ഉപയോഗിച്ചാണ് മീൻ പിടിക്കുന്നത് (2)
5. ഉപദ്രവം (2)
6. പണി, ജോലി (2)
7. ഇവർക്കെഴുതിയ ലേഖനത്തിലാണ് ആത്മാവിന്റെ ഫലം ഒമ്പതും പറഞ്ഞിരിക്കുന്നത് (4)

**താഴേക്ക്**

1. യിസ്രായേലിനെ മിസ്രയീമിൽ നിന്നും വിടുവിച്ച് കാനനിലേക്ക് നയിച്ച ആൾ ( 2)
2. ലഹരി (2)
8. ദാവീദിനെ രാജാവായി അഭിഷേകം ചെയ്ത പ്രവാചകൻ (4)
9. ശൗലിന്റെ വെപ്പാട്ടി (3)
10. സംരക്ഷണം , നടത്തിപ്പ് (3)
11. യാഗം കഴിക്കുന്ന സ്ഥലം (4)
12. രൂത്ത് ബോവസിന്റെ വയലിൽ ' ഇതു' പെറുക്കാനാണ് വന്നത് ( 2)
13. വെളിപ്പാട് പുസ്തകത്തിലെ ഏഴാമത്തെ സഭ (4)
14. ഇതിന് കൈവച്ചിട്ട് പുറകോട്ടു നോക്കുന്നവർ സ്വർഗ്ഗരാജ്യത്തിന് കൊള്ളാവുന്നവനല്ലെന്ന് യേശു പറഞ്ഞു (3)
15. യിസ്രയേൽ ജനം ഈ മരുഭൂമിയിലാണ് 'മാറ'യിലെ ജലം കുടിച്ചത് (2)

---

**പദപ്രശ്നം 18 ലെ ഉത്തരങ്ങൾ**

**വലത്തോട്ട്-** 1.. ഗബ്രിയേൽ 2. യേൽക്കാന 3. മാസം 4. സംശുദ്ധം 5. ഗസ 6. ലില്ലി 7. നാഥാൻ 8. യേശു 9. പുതിയ 10. കനാൽ

**താഴേക്ക് -** 1. ഗമാലിയേൽ 2. യേശുനാഥൻ 7. നാഥൻ 9. പുക 11. ഹൂർ 12. നസറായൻ

പദപ്രശ്നം 18 ൽ 15 പേർ പങ്കെടുത്തു, 14 പേർ എല്ലാം ശരിയാക്കി

---

**എല്ലാം ശരിയുത്തരം അയച്ചവർ**

1. ദീനാ പ്രവീൺ കരുളായി
2. സുലു പീറ്റർ, പെരുമ്പാവൂർ
3. സുശീല ഡേവിഡ്, വിതുര
4. ഓമന മാത്യു കരിയം, തിരുവന്തപുരം
5. ജോളി സാജൻ, ഇരട്ടയാർ
6. ഷീബ ഷാബു, കൊല്ലം
7. എലിസബത്ത് അലക്സ്, അയിരൂർ
8. വത്സ തോമസ് എറണാകുളം
9. നിഷാ ജോസ് , ചെങ്ങന്നൂർ
10. വത്സമ്മ റ്റി. നാലാഞ്ചിറ, തിരുവനന്തപുരം
11. അനിത ബഞ്ചമിൻ, കുളത്തുപ്പുഴ
12. സിജി കടയ്ക്കനാട്
13. തോമസ് വട്ടയ്ക്കാട് , മണർക്കാട്
14. ചിത്രാ ബിനു കളീയ്ക്കൽ

*എല്ലാവർക്കും അഭിനന്ദനങ്ങൾ*

# ട്രൈബൽ മിഷൻ പോത്തുപ്പാടി സഭാ ഹാളിന്റെ സമർപ്പണ ശുശ്രൂഷ റിപ്പോർട്ട്

ട്രൈബൽ മിഷന്റെ അട്ടപ്പാടിയിലുള്ള പൊത്തുപ്പാടി സഭക്കുവേണ്ടി പുതുതായി പണികഴിപ്പിച്ച പ്രാർത്ഥനാലയത്തിന്റെ സമർപ്പണ ശുശ്രൂഷ ആഗസ്റ്റ് 12, 2026 ന് നടത്തുവാൻ സർവ്വകൃപാലുവായ ദൈവം ഇടയാക്കി. തിരുമല മിഷനറി പ്രയർ ഫെലോഷിപ്പിന്റെ പ്രതിനിധികളായ ശ്രീ. ജെ സ്റ്റാൻലി (President of fellowship) ശ്രീമതി പവിത സ്റ്റാൻലി, റവ.എ.ആർ സുശീൽ, സിസ്റ്റർ സുനിത ജാനി, ബ്രദർ. എ. ആർ. റോയ് സി. സുജറാണി ശ്രീ. ജസ്റ്റിൻ രാജ്, സി. തപസ്, സി. മേരിക്കുട്ടി, അഗസ്റ്റിൻ രാജ്, ശ്രീമതി സരള അഗസ്റ്റിൻ, ശ്രീ. എ. ആർ മനോജ്, ശ്രീമതി ജയന്തി മനോജ്, ശ്രീ. ജസ്റ്റിൻ ദാസ്, ശ്രീ. ഷെറിൻ- എന്നിവർ 11.08.2026 വൈകുന്നേരം തന്നെ അനക്കട്ടിയിലെ ബഥനി മെഡിക്കൽ സെന്ററിൽ എത്തിച്ചേർന്നു. പാസ്റ്റർ സാബു ജോണും തിരുവനന്തപുരവും ടീമിന് ഒപ്പമുണ്ടായിരുന്നു. 12.08.26 ബുധനാഴ്ച രാവിലെ 10 മണിക്ക് ഡോ. കെ.മുരളീധർ, ഡോ ഏലിയാമ്മ മുരളീധർ, ബ്രദർ കെ. കെ. കോശി, ശ്രീമതി ഗ്രേയ്സ് കോശി, പാസ്റ്റർ മാണി കുര്യോക്കോസ് എന്നിവരോടൊപ്പം തിരുവനന്തപുരം പ്രയർ ഫെലോഷിപ്പ് അംഗങ്ങൾ പോത്തുപാടിയിൽ എത്തിച്ചേർന്നു.

ഒരു ചെറിയ പായസ സത്ക്കാരത്തിനുശേഷം പാസ്റ്റർ മാർട്ടിന്റെ പ്രാരംഭപ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ശ്രീ. ജെ സ്റ്റാൻലി മീറ്റിംഗിന്റെ അദ്ധ്യക്ഷത വഹിച്ചു. പോത്തുപ്പാടി സഭയിലെ വിശ്വാസികൾ ദൈവത്തിന്റെ സ്നേഹത്തിൽ സ്നേഹത്തിൻ ആഴമിത് എന്ന പാട്ടുപാടി. സിസ്റ്റർ. ഷെറിൻ 24-ാം സങ്കീർത്തനം പാടുകയും നന്ദിയോടെ ഞാൻ സ്തുതി പാടിടും...........എന്ന മനോഹര ഗാനം മിഷനറി ഫെലോഷിപ്പ് തിരുവനന്തപുരം ആലപിക്കുകയും ചെയ്തു. തുടർന്നു റവ.എ. ആർ സുശീൽ ആലയവാതിലിലെ റിബൺ മുറിക്കുകയും ഡോ. കെ. മുരളീധർ ആലയം തുറക്കുകയും സ്തോത്രത്തോടും സ്തുതിയോടും കൂടി എല്ലാവരും ആലയത്തിൽ പ്രവേശിക്കുകയും ചെയ്തു. ആലയ പ്രതിഷ്ഠാശുശ്രൂഷ പാസ്റ്റർ സാബു ജോൺ പ്രാർത്ഥിച്ച് ആരംഭിച്ചു. പ്രാർത്ഥനാനന്തരം സ്ഥലം സഭാ ശുശ്രൂഷകനായ പാസ്റ്റർ ജോബ് എല്ലാവരെയും സ്വാഗതം ചെയ്തു. അനന്തരം പോത്തുപ്പാടി സഭാ വിശ്വാസികൾ ഒരു ഉപഹാരം തിരുമല മിഷനറി പ്രയർ ഫെലോഷിപ്പിലെ ബ്ര.അർജുന് കൈമാറി. തുടർന്ന് റവ. സുശീൽ വചനം പങ്കുവച്ചു. 'ആലയം ദൈവസാന്നിധ്യം ഉള്ളയിടമാണ്. ആലയം ദൈവജനത്തിന്റെ കൂട്ടായ്മക്കും സംരക്ഷണത്തിനും പങ്കുവയ്ക്കലിനും വേണ്ടിയുള്ളതാണ്' എന്ന ഗൗരവമേറിയ കാര്യം ജനത്തിനു ബോധ്യം വരുത്തി. തന്റെ ഒരു സാക്ഷ്യവും പറഞ്ഞു. ഈ ആലയത്തിന് സാമ്പത്തിക സഹായം ചെയ്ത ശ്രീ. എ. ആർ. റോയിയും ഫാമിലും തങ്ങളുടെ മാതാപിതാക്കളായ റവ. റോബിൻസൺ & ശ്രീമതി ലില്ലി റോബിൻസൺ എന്നിവരുടെ ഓർമ്മക്കായി ഫെല്ലോഷിപ്പിന്റെ 50-ാം വാർഷികത്തിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. 'ദൈവത്തിന്റെ ആലയം പ്രാർത്ഥനാലയം' എന്ന് പുതിയതായി താൻ എഴുതിയ പാട്ടും പാടി കേൾപ്പിച്ചു. റവ. സുശീൽ പ്രാർത്ഥിച്ച് ആലയപ്രതിഷ്ഠ നടത്തി. ഡോ. കെ. മുരളീധർ വിശുദ്ധി, പ്രാർത്ഥന എന്നീ വിഷയങ്ങളെ കുറിച്ച് ആധികാരികമായി സംസാരിച്ചു. വിശുദ്ധി അശുദ്ധിയെ നീക്കുന്നു. ക്രിസ്തുവിലുള്ളവർ എവിടെയായാലും ആ ഇടം വിശുദ്ധമാകും. മത്തായി 6:9-13 വരെയുള്ള കർത്താവ് പഠിപ്പിച്ച പ്രാർത്ഥന എന്ന വിഷയവും സംസാരിച്ചു. പുത്രനിലൂടെ നമ്മുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിൽ എത്തുന്നു. ക്രിസ്തുവിലാകുന്നവർക്ക് മാത്രമേ ഞങ്ങളുടെ പിതാവേ എന്നു സംബോധന ചെയ്യാൻ കഴിയൂ. ആലയത്തിൽ ദൈവസാന്നിധ്യം ഉണ്ട്. പിന്നീട് ബ്രദർ റോയി എ. ആർ (സ്പോൺസർ) ദൈവ ജനം സമൂഹത്തിന് മാതൃക ആകണം എന്നും സഭയെ വളരെ ചിട്ടയോടുള്ള വചനം പഠിപ്പിക്കേണ്ട ആവശ്യകതയും ഊന്നിപ്പറഞ്ഞു. വലിയവനാകാൻ ആഗ്രഹിക്കുന്നവൻ ഏറ്റവും താഴെയുള്ളവനാകണം. നിങ്ങളിൽ ആരും റബ്ബി എന്നു പേരെടുക്കരുത്. എല്ലാവരും സഹോദരന്മാരാണെന്ന കാര്യം അംഗീകരിക്കുക. ക്രിസ്തു എല്ലാവരിലും എല്ലാമാണ്. പ്രബോധാനന്തരം ശ്രീ. ജസ്റ്റിൻ ദാസ്, പാസ്റ്റർ മാണി കുര്യാക്കോസ്, പാസ്റ്റർ നഞ്ചൻ ആർ. എന്നിവർ ആശംസകൾ അർപ്പിച്ചു. ആശംസാനന്തരം ശ്രീ. അഗസ്റ്റിൻ രാജ് എല്ലാവർക്കും നന്ദി പറഞ്ഞു. റവ. സുശീൽ പ്രാർത്ഥിച്ച് ആശീർവ്വാദം പറഞ്ഞു. പോത്തുപ്പാടി സഭാ മൂപ്പൻ ബ്രദർ ശിവദാസൻ ചുരുങ്ങിയ വാചകത്തിൽ സാക്ഷ്യം പറഞ്ഞ് മീറ്റിംഗ് പര്യവസാനിച്ചു. എല്ലാവർക്കും ഭക്ഷണം ഒരുക്കിയിരുന്നു. ഭക്ഷണാനന്തരം എല്ലാവരും ദൈവത്തെ സ്തുതിച്ച് പിരിഞ്ഞു. ദൈവമക്കളുടെ പ്രാർത്ഥനാഫലമായി കാലാവസ്ഥ അനുകൂലമായിരുന്നു. എല്ലാം ഭംഗിയായി നടത്തിത്തന്ന സർവ്വകൃപാലുവായ വലിയവനായ ദൈവത്തിനു സ്തോത്രം. ഏതാണ്ട് 180 പേർ ഈ മീറ്റിംഗിൽ പങ്കെടുത്തു. പോത്തുപ്പാടി സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും സഹായിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാ മാന്യമിത്രങ്ങൾക്കും പ്രത്യേകിച്ച് സാമ്പത്തികമായി സഹായിച്ച തിരുമല മിഷനറി പ്രയർ ഫെലോഷിപ്പിനോടുമുള്ള നന്ദി പ്രകാശിപ്പിക്കുന്നു.

ദൈവം എല്ലാവരെയും ധാരാളമായി അനുഗ്രഹിക്കുമാറാകട്ടെ.

വിശ്വസ്തതയോടെ
പാസ്റ്റർ റ്റി. ജെ. ജോബ്



# പ്രാർത്ഥനാ കലണ്ടർ 2026
## ആഗസ്റ്റ്- സെപ്തംബർ



കർത്താവിന്റെ കൃപയാൽ ട്രൈബൽ മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് 50 വർഷം തികയുന്ന സന്ദർഭത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുക. ട്രൈബൽ മിഷനിൽ സീനിയർ മിഷനറിമാരെ ആദരിക്കുന്നതിന് പ്രത്യേകമായി ചില പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. ഈ ശുശ്രൂഷകരെയോർത്ത് പ്രാർത്ഥിക്കുക

ഗോൾഡൻ ജൂബിലിയോടുള്ള ബന്ധത്തിൽ പ്രസിദ്ധികരിക്കുന്ന സുവനിയറിന്റെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുക.

വയനാട്ടിൽ പ്രവർത്തിച്ചുവരുന്ന ഡി- അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുക. ധാരാളം ആദിവാസി സഹോദരങ്ങൾ മദ്യപാനത്തിൽ നിന്നും വിടുവിക്കപ്പെടുന്നതിന് അവർ ആരാധനയിലേക്ക് കടന്നുവരുന്നതിനായി പ്രാർത്ഥിക്കാം.

ട്രൈബൽ മിഷൻ പ്രാർത്ഥന സഹകാരികൾക്കായും സപ്പോർട്ടേഴ്സിനായും പ്രാർത്ഥിക്കുക. പുതിയ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് സപ്പോർട്ടേഴ്സിനെ ലഭിക്കുന്നതിനും മിഷനറിമാരെ ലഭിക്കുന്നതിനും പ്രാർത്ഥിക്കുക

**കൊബടി-തിരുവനന്തപുരം** : പാസ്റ്റർ രാജേന്ദ്രൻ കാണിയും കുടുംബവും സന്ദർശിച്ച കോളനികൾ കരിപാലം കൈതക്കരപറമ്പ് ദേവിയാർ കുന്ന്. ഇവിടെ മാതകുഞ്ഞമ്മ നടുവേദനയാൽ ഭാരപ്പെടുന്നു സൗഖ്യത്തിനായ് പ്രാർത്ഥന ചോദിച്ചു. പാസ്റ്ററുടെ ഭാര്യ സരസ്വതിയുടെ രോഗക്ഷീണപ്രയാസങ്ങൾ മാറുന്നതിന് പ്രാർത്ഥന ചോദിക്കുന്നു.

കൊരങ്ങാട്ടി - ഇടുക്കി : പാസ്റ്റർ ജി എൻ കണ്ണൻ ഫാമിലി ഈ മാസത്തിൽ കൊരങ്ങാട്ടി കൊടകല്ല് പടിക്കപ്പ് ആനച്ചാൽ ചിന്നപ്പാറ എന്നീ ആദിവാസി ഗ്രാമങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങളിൽ ആയിരുന്നു ആ ഗ്രാമങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.

**വയനാട്** : പാസ്റ്റർ ജിജി കെ. എസ് കുടുംബമായി സന്ദർശിച്ചു ഉന്നതികൾ വരിനിലം കൈതവള്ളി ചെറ്റപ്പള്ളം തൃശ്ശിലേരി ഈ ഗ്രാമങ്ങളിലെ ജനങ്ങൾ രക്ഷിക്കപ്പെടുന്നതിന് പ്രാർത്ഥിക്കുക.

**കരുളായി- നിലമ്പൂർ-** ഇവിടെയുള്ള ആദിവാസി ഗ്രാമങ്ങൾ നിരന്തരമായി സന്ദർശിച്ചു നമ്മുടെ മിഷനറി മാർ സുവിശേഷം അറിയിച്ചുവരുന്നു. ജനം മാനസാന്തരത്തിലേക്ക് വരുന്നതിന് പ്രത്യേകം പ്രാർത്ഥിക്കുക.

**പെരുമ്പാവൂർ - എറണാകുളം** : ട്രൈബൽ മിഷൻ ഓഫീസ് പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുക ട്രൈബൽ ന്യൂസ് മാസികയുടെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുക. തക്കസമയത്ത് ഭംഗിയായി മാസികയുടെ പോസ്റ്റിംഗ് നടക്കുന്നതിനും ഇനിയും പുതിയ വരിക്കാരെ ലഭിക്കുന്നതിനും പ്രത്യേകമായി പ്രാർത്ഥിക്കുക.

---

**നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾ ഞങ്ങളെ അറിയിക്കുക.**

**ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കുന്നതാണ്**

**ഫോൺ : 9747442935**

# 'ദൈവത്തിനു കടം കൊടുക്കുന്നവർ'

കർത്താവിൽപ്രിയരെ ,

കഴിഞ്ഞ മാസങ്ങളിൽ ബഥനിബാലഭവനിൽ സ്നേഹവിരുന്ന് നൽകിയവരുടെ പേരു വിവരം താഴെ ചേർക്കുന്നു. അവരോടുള്ള നന്ദിയും കടപ്പാടും പ്രത്യേകം അറിയിക്കുന്നു.

| Sl No. | Date | Occasion | Love Feast Sponsored by | Food Given |
|---|---|---|---|---|
| 1 | 14.07.26 | Good Will | Miss Leya Sini Joyse, Vyitila | Ice Cream |
| 2 | 16.07.26 | 44th Wedding Anniversary- Thomas P.E. & Capt. Valsa | Sri Thomas P.E. & Capt. Valsa Thomas, Cochin | Fried Rice & Chicken |
| 3 | 25.07.26 | Good Will of Dr. Thomas David | Mr. Thomas P. John & Mrs Annamma John | Fried Rice & Chicken Curry, Chappathy, Salad, Pickle |
| 4 | 01.08.26 | Good Will | Miss Leya Sini Joyse, Vyitila | Chicken Curry , Porotta, Chappathy, Salad |
| 5 | 13.08.26 | Thirumala Prayer Fellowship Visit | Thirumala Missionary Prayer Fellowship, TVM | Fried Rice & Chicken Curry, Fish Curry, Salads, Pickle |
| 6 | 18.08.26 | Birthday- Manikandan | Raju & Lakshmi Alankandy | Fried Rice & Chicken Curry, Pickle |

'എളിയവനോട് കൃപ കാട്ടുന്നവൻ യഹോവയ്ക്കു വായ്പ കൊടുക്കുന്നു ' (സദൃശ്യവാക്യങ്ങൾ 19:17)

കെ. കെ. കോശി

Our bank Account Name : TRIBAL MISSION

Account number : 1656101013972

Bank & Branch : Canara Bank, Anaikatty Branch

IFSC CODE : CNRB0001656

PLEASE SEND YOUR KIND DONATIONS ONLY FROM INDIAN BANKS ACCOUNTS IN INDIAN RUPEES.

DO NOT FORGET TO SEND THE TRANSFER DETAILS IMMEDIATELY by WhatsApp. 9207033809

# മിഷൻ ഫീൽഡ് പ്രാർത്ഥനാ വിഷയങ്ങളും പ്രവർത്തനങ്ങളും

## കരുളായി

ദൈവകൃപയാൽ കരുളായി ചർച്ചിലെ വിശ്വാസ കുടുംബങ്ങൾ സുഖമായിരിക്കുന്നു. ഏകദേശം 30 പേർ ഇപ്പോൾ കടന്നു വരുന്നു. സണ്ടേ സ്കൂൾ യൂത്ത് മീറ്റിംഗ്, സഹോദരിമാരുടെ പ്രാർത്ഥന, ചെയിൻ പ്രയർ എല്ലാം പതിവുപോലെ നടന്നുവരുന്നു ഭൂമിക്കുത്ത്, പെരുമ്പിലാട്, കോളനികളിൽ ബൈബിൾ ക്ലാസ്സ് നടത്തുവാൻ ദൈവം സഹായിച്ചു. ആഗസ്റ്റ് 14,15 തീയതികളിൽ ഉപവാസ ആരാധനയ്ക്കായി കൂടി വരുവാൻ ഇടയായി തുടർന്ന് ഞങ്ങളുടെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു.

*പാസ്റ്റർ പ്രവീൺ ജെ. എസ്.*

## മുണ്ടേരി

മുണ്ടേരി സഭയുടെ പ്രവർത്തനം അനുഗ്രമായി നടന്നു വരുന്നു പതിനെട്ടോളം കുടുംബങ്ങൾ മുണ്ടേരി സഭയിൽ ആരാധനയ്ക്കായി കടന്നുവരുന്നുണ്ട് വളരെ വേദനയോടെ പങ്കുവയ്ക്കാനുള്ളത് ദൈവമക്കളുടെ നിലനിൽപ്പ് തന്നെയാണ്. അവർ ജോലിക്കു പോകുമ്പോഴും യാത്രയിലും ഒക്കെ അവരെ പരസ്യമായി അവഹേളിക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ചുവന്നു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പലരും ആരാധനയ്ക്ക് വരാൻ മടി കാണിക്കുകയാണ്. ഞങ്ങളെ ദൂരെ നിന്ന് കാണുമ്പോൾ ഒഴിഞ്ഞു മാറാൻ ശ്രമിക്കുകയാണ്. അതു കൂടാതെ പലരെയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. സർക്കാരിൽ നിങ്ങളുടെ ആനുകൂല്യങ്ങൾ നിർത്തലാക്കും എന്നും പറഞ്ഞ് ഈ അവസ്ഥയിൽ കൂടുതൽ ധൈര്യം കിട്ടേണ്ടതിനും പ്രതികരണ ശേഷി ഉണ്ടാകേണ്ടതിനുമായി പ്രാർത്ഥിക്കണം.

ഓഗസ്റ്റ് 30-ാം തീയതി ഞായറാഴ്ച വയനാട് ജില്ലയിലെ പട്ടമലയിൽ നടക്കുന്ന ലഹരിക്കെതിരെയുള്ള ബോധവത്കരണ ക്യാമ്പിൽ പങ്കെടുക്കുവാൻ 10 പേരോളം ആഗ്രഹിക്കുന്നുണ്ട്. അതിൽ ഹരിലാൽ എന്ന് പേരുള്ള കാട്ടുനായ്ക ഗോത്രവിഭാഗത്തിലുള്ള ഊരുമൂപ്പൻ പോകണമെന്ന് ആഗ്രഹം പറഞ്ഞിട്ടുണ്ട് ഹരിലാലിന്റെ ഭാര്യ അദ്ദേഹത്തെ ഉപേക്ഷിച്ചു കടന്നുപോയി. മൂപ്പൻ കടുത്ത മദ്യപാനിയായതുകൊണ്ടാണ്. പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കുമല്ലോ

എന്ന് ക്രിസ്തുവിൽ *പാസ്റ്റർ കെ. റ്റി. മനോജ്*

## വട്ടലക്കി

- പെരിയ ജമ്പുകണ്ടി ആദിവാസി ഗ്രാമത്തിൽ ചെല്ലി മല്ലാൻ ഇവർ കുടുംബമായി പ്രാർത്ഥനയ്ക്കു വരുന്നു ഇവർ വിശ്വാസത്തിൽ നിലനിൽപ്പാൻ പ്രാർത്ഥിക്കണം
- വേഡുകരൈ എന്ന ആദിവാസി ഗ്രാമത്തിൽ നിന്നു രങ്കമ്മാ എന്ന സഹോദരി പ്രാർത്ഥനക്കു വരുന്നു ഈ ഗ്രാമം കൊടും വനത്തിനു അകത്താണ് ഉള്ളത്. ഈഗ്രാമത്തിൽ പോകാൻ ഫോറസ്റ്റിന്റെ അനുവാദം ഇല്ലാതെ കടക്കാൻ പറ്റില്ല. തടസം നീങ്ങുവാൻ പ്രാർത്ഥിക്കണം. കഴിഞ്ഞ നാളുകളിൽ ഈ രങ്കമ്മയുടെ ഒരു മകൻ മണികണ്ഠൻ 23 വയസ് ഇവർ മാനസാന്തരപ്പെടുവാൻ പ്രാർത്ഥിച്ചു. മണികണ്ഠൻ ആരാധനയ്ക്ക് വരുവാൻ തീരുമാനമെടുത്തു.
- യൂത്ത് മീറ്റിംഗ് ബ്രദർ സന്തോഷ് കുമാറിന്റെ ഭവനത്തിൽ വച്ച് ഞായറാഴ്ച വൈകുന്നേരം 6 മണി മുതൽ 8 മണിവരെ നടക്കുന്നു ഈ പ്രാർത്ഥനയിൽ പിൻവാങ്ങി പോയവരും പുതുതായി വരുന്നവരും ഉണ്ട്. പുതിയതായി പ്രദീപ് (22 ) വയസ് മാനസാന്തരപ്പെടുവാനും ദൈവമകനായി നല്ല വിശ്വാസിയായി വളരുവാൻ പ്രാർത്ഥിക്കണം.
- ചില ഞായറാഴ്ചകളിൽ ആരാധനക്കു വരുന്നവർ 50 മുതൽ 60 പേർ വരെയാണ് അങ്ങനെ വരുമ്പോൾ ഇരിക്കാൻ സ്ഥലം പോരാ. പ്രായർ ഹാൾ വലിയതാക്കുവാൻ പ്രാർത്ഥിക്കണം.
- 09.08. 26 ഞായറാഴ്ച ആരാധനയിൽ പുതിയതായി ചിത്ര, മക്കൾ അഭിനയ, അഭിഷേക്, (കുട്ടികൾ) ഇവർ ആരാധനയ്ക്കു വന്നു. പങ്കെടുത്തിരുന്നു. തുടർച്ചയായി ആരാധനയ്ക്ക വരുവാൻ പ്രാർത്ഥിക്കാം.

*പാസ്റ്റർ ഗോവിന്ദരാജ്*

## പോത്തുപ്പാടി

ഇക്കഴിഞ്ഞമാസവും ദൈവകൃപയിൽ ആശ്രയിച്ച് കർത്താവിന്റെ വയലിൽ വേല ചെയ്യുവാൻ വലിയവനായ ദൈവം കൃപ കാണിച്ചു. സ്തോത്രം

പോത്തുപ്പാടി, കട്ടേക്കാട് മൂപ്പൻ കുന്ന്, ഫസ്റ്റ് സെക്കന്റ് സൈറ്റ്, കുറ്റിമേട് എന്നീ ഗ്രാമങ്ങൾ സന്ദർശിച്ചു സുവിശേഷം അറിയിക്കാൻ ഇടയായി അനവധി വ്യക്തികൾ സുവിശേഷം ശ്രദ്ധിച്ചു. സുവിശേഷം കേട്ട വ്യക്തികൾക്കു മാനസാന്തരം ഉണ്ടാകുവാൻ പ്രാർത്ഥിക്കണമേ ഇക്കഴിഞ്ഞ 12-ാം തീയതി പോത്തുപ്പാടി ട്രൈബൽ മിഷൻ സഭയ്ക്കുവേണ്ടി ഒരു പുതിയ ആലയം പ്രതിഷ്ഠിച്ച് ആരാധന ആരംഭിക്കുവാൻ ഇടയായി. തിരുമല മിഷനറി പ്രയർ ഫെലോഷിപ്പിന്റെ പ്രതിനിധികൾ, ട്രൈബൽ മിഷൻ ജനറൽ സെക്രട്ടറി ഡോ. മുരളീധർ, ഡോ. ഏലിയാമ്മ മുരളീധർ, ബ്രദർ കെ. കെ. കോശി, ശ്രീമതി ഗ്രേയ്സ് കോശി, ശ്രീമതി അന്നമ്മ മേരി, കൂടാതെ ട്രൈബൽ മിഷൻ മിഷനറിമാർ ഉൾപ്പെടെ 180 ൽ അധികം വിശിഷ്ടവ്യക്തികൾ ഈ മീറ്റിംഗിൽ പങ്കെടുത്തു. പോത്തുപ്പടി ദേശത്തിനുവേണ്ടി പ്രാർത്ഥിക്കുകയും

സാമ്പത്തികമായി സഹായം ചെയ്തു. മിഷനറി ഫെലോഷിപ്പിനും നന്ദി അറിയിക്കുന്നു. കാലാവസ്ഥ ദൈവം അനുകൂലമാക്കിതന്നു. സ്തോത്രം. പോത്തുപ്പാടി സഭയെ ഓർത്തു പ്രാർത്ഥിക്കുന്നഎല്ലാവർക്കും ദൈവനാമത്തിൽ നന്ദി അറിയിക്കുന്നു. ആരാധന ആത്മീയ ശുശ്രൂഷകൾ, ഉപവാസ പ്രാർത്ഥന, സണ്ടേ സ്കൂൾ പ്രവർത്തനം ഫീൽഡ് വർക്ക് എന്നീ ശുശ്രൂഷാനുഗ്രഹത്തിനായി പ്രാർത്ഥിക്കണമെ ഇത്രത്തോളം എല്ലാ കാര്യങ്ങളും ഭംഗിയായി നടത്തിത്തന്ന വലിയവനായ ദൈവത്തിനു നന്ദി.

*പാസ്റ്റർ ജോബ് റ്റി. ജെ*

## കാട്ടിക്കുളം

ദൈവനാമത്തിന് മഹത്വമുണ്ടാകട്ടെ

കാട്ടിക്കുളം ദൈവസഭയുടെ ആത്മീക ശുശ്രൂഷകളും പ്രവർത്തനങ്ങളും കോട്ടേജ് മീറ്റിംഗ് കോളനി സന്ദർശനം ദൈവകൃപയാൽ അനുഗ്രഹമായി നടന്നുവരുന്നു. കഴിഞ്ഞ ഒരു മാസത്തെ പ്രവർത്തനങ്ങളെ വഹിച്ചു പുതുതായി കുടുംബങ്ങൾ കടന്നുവരുവാനും രോഗികളുടെ സൗഖ്യത്തിനായും പ്രാർത്ഥന ചോദിച്ചിരുന്നു. പ്രാർത്ഥനയുടെ ഫലമായി ഒരു കുടുംബം ദൈവസഭയിൽ പ്രാർത്ഥനക്കായി കടന്നുവരുവാൻ ഇടയായി പ്രാർത്ഥിച്ച എല്ലാഭാരവാഹികൾക്കും സ്പോൺസർ മാർക്കും ദൈവദാസന്മാർക്കും ദൈവനാമത്തിൽ നന്ദി അറിയിക്കുന്നു. വീണ്ടും പുതുതായി ആളുകൾ കടന്നുവരുവാൻ പ്രാർത്ഥന ആവശ്യപ്പെടുന്നു.

**പ്രാർത്ഥന വിഷയം**

തൊണ്ടയിൽ മുഴയായിട്ട് ആഹാരം കഴിക്കുവാൻ കഴിയാതെ ഭാരപ്പെടുന്ന രാജന്റെ സൗഖ്യത്തിനായും ശരീരത്തിന് നീരായിട്ട് നടക്കാൻ കഴിയാത്ത ഉഷ എന്ന സഹോദരിയുടെ സൗഖ്യത്തിനായും കണ്ണിന് കാഴ്ച കുറവു മൂലം ഭാരപ്പെടുന്ന വെള്ള എന്ന സഹോദരിയുടെ സൗഖ്യത്തിനായും ഈ വരുന്ന ആഗസ്റ്റ് 30ന് നടത്തപ്പെടുന്ന ഡി അഡിക്ഷൻ ക്യാമ്പിന് വരുവാൻ പറഞ്ഞിരിക്കുന്ന ശിവൻ, പുളച്ചലച്ചൻ, ഗൗരിയമ്മ സിന്ധു എന്നിവർ കടന്നുവരുവാനും, പ്രാർത്ഥന ചോദിക്കുകയാണ്.

ദൈവദാസി ബിന്ദുവിന് തൈറോയിഡിന്റെ പ്രയാസം മൂലവും സോഡിയവും കാൽസ്യവും കുറവുമൂലം ശരീരം മുഴുവൻ വിറയ്ക്കുന്ന അവസ്ഥയാണ് എത്രയും പെട്ടെന്ന് സൗഖ്യം ലഭിക്കുവാൻ പ്രാർത്ഥിക്കണമെ

*പ്രസാദ് സി എം*

## പെരിയ

പെരിയ ദൈവസഭയുടെ പ്രവർത്തനങ്ങൾ ദൈവകൃപയാൽ അനുഗ്രഹമായി പോകുന്നു.

ഞായർ ആരാധന : എല്ലാ ഞായറാഴ്ചകളിലും 10 മുതൽ 12.30 വരെ ആരാധന നടന്നുവരുന്നു. 35ഓളം ആളുകൾ പ്രാർത്ഥനയ്ക്ക് കടന്നുവരുന്നു അത് അവർക്ക് അനുഗ്രഹമായ് മാറുന്നു.

ഭവനപ്രാർത്ഥന : എല്ലാ ബുധനാഴ്ചകളിലും വൈകുന്നേരങ്ങളിൽ 7 മുതൽ 8 വരെ പ്രാർത്ഥനകൾ നടത്തപ്പെടുന്നു.

കോളനി സന്ദർശനം : ആഴ്ചയിൽ 3 ദിവസം സന്ദർശിക്കുകയും അവരെ ആത്മീകമായി ബലപ്പെടുത്തുകയും ചെയ്യുന്നു. അവർക്കു വേണ്ട കൈതാങ്ങൾ കൊടുക്കുകയും ചെയ്യുന്നു.

സൺഡേ സ്കൂൾ : എല്ലാ ദിവസങ്ങളിലും വൈകുന്നേരങ്ങളിൽ കുഞ്ഞുങ്ങൾക്കുവേണ്ടി പ്രത്യേകമായ് സമയം മാറ്റി വച്ച് അവർക്കു ദൈവവചനം പറഞ്ഞു കൊടുക്കുന്നു. 9 ഓളം കുഞ്ഞുങ്ങൾ പങ്കെടുത്തുവരുന്നു അത് അനുഗ്രഹമായ് നടന്നുവരുന്നു.

ഉപവാസ പ്രാർത്ഥന : കഴിഞ്ഞമാസം 24,25,26 വെള്ളി ശനി ഞായർ ദിവസങ്ങളിൽ മോറിയ ലെയിനിൽ വെച്ച് തലപ്പുഴ ദൈവസഭയും പെരിയ ചേർന്ന് ഉപവാസ പ്രാർത്ഥന നടത്തുകയുണ്ടായ് ദൈവദാസന്മാർ ക്ലാസ്സുകൾ എടുക്കുകയും ചെയ്തു. അവരുടെ ആത്മീയ ജീവിതത്തിൽ അത് അനുഗ്രഹമായ് മാറി.

സ്നാനം : ദൈവസഭയിലെ ഷീബ, അന്നാ, നന്ദിനി, ജാനു സഹോദരമാർ സ്നാനപ്പെടുവാൻ തീരുമാനമെടുത്തു അവരുടെ സ്നാനം 12.08.2026 ൽ നടന്നു.

തുടർന്നും അവിടുത്തെ വേലയെ ഓർത്തും പ്രവർത്തനങ്ങളെ ഓർത്തും പ്രാർത്ഥിക്കണമേ എന്ന് അപേക്ഷിക്കുന്നു.

*പാസ്റ്റർ*

## കമ്മന

ദൈവനാമത്തിന് മഹത്വം ഉണ്ടായിരിക്കട്ടെ, കമ്മന ചർച്ചിലെ കൂട്ടായ്മയും പ്രാർത്ഥനയും എല്ലാം അനുഗ്രഹമായി പോകുന്നു. കടന്നുവരുന്ന ദൈവ മക്കളെയോർത്ത് പ്രാർത്ഥിക്കുക. ചില കോളനികളിൽ കടന്നു പോകുവാൻ ഉണ്ട്. ഈ മാസം 30-ാം തീയതി നടക്കുന്ന ക്യാമ്പിലേക്ക് കടന്നു പോകുവാൻ രാജുവും കുടുംബവും പറഞ്ഞായിരുന്നു. പിന്നെ അമ്മണി സഹോദരിയുടെ ഓപ്പറേഷൻ കഴിഞ്ഞിട്ടു 2 മാസം കഴിഞ്ഞു. എന്നിട്ടും ഓപ്പറേഷൻ ചെയ്ത ഭാഗത്ത് വേദനയുണ്ട് അതിനുവേണ്ടി പ്രാർത്ഥിക്കണം.

*പാസ്റ്റർ*

## മിഷൻ സെന്റർ

എല്ലായിടത്തും പിന്മാറ്റത്തിന്റെ അവസ്ഥയുണ്ട് പോകുമ്പോൾ പിന്മാറ്റക്കാരെയാണ് കാണിച്ചു തരുന്നത് കഴിഞ്ഞ നാളുകളിൽ വർക്കിനായി പോയപ്പോൾ നെല്ലിക്കൽ കോളനിയിൽ പോകുവാൻ സാധിച്ചു. ക്യാൻസർ, തളർന്നുകിടക്കുന്നവർ, കണ്ണ് കാണാത്തവർ എന്നിവരെ കാണുവാനും സുവിശേഷം പങ്കുവയ്ക്കുവാനും കഴിഞ്ഞു. എരിയപ്പള്ളി ചെപ്പല കോളനിയിൽ പോയപോലെ ഒരു കുടുംബം വന്നുവെങ്കിലും പിന്നീട് വരുന്നില്ലയെന്ന് പറയുവാൻ ഇടയായി പാൽ വളിച്ചം കോളനിയിൽ മെഡിക്കൽ ക്യാമ്പ് വരാൻ വേണ്ടി ഒരുങ്ങിയിട്ടുണ്ട്. പ്രാർത്ഥിക്കണം. ട്രൈബൽ മിഷൻ എല്ലാ കുടുംബത്തിനെയും ഓർത്ത്ത പ്രാർത്ഥിക്കുന്നു.

*രഘു*

## ഭൂതാനം

ദൈവനാമത്തിന് മഹത്വമുണ്ടാകട്ടെ

ദൈവകൃപയാൽ ഭൂതാനം ട്രൈബൽ മിഷൻ ചർച്ചിന്റേയും ചുള്ളിയോട് സബ് സെന്ററിന്റേയും പ്രവർത്തനങ്ങൾ അനുഗ്രഹമായി നടന്നുവരുന്നു. സഭാ പ്രവർത്ത

നങ്ങളെ ഓർത്തു പ്രാർത്ഥിക്കുകയും കൈതാങ്ങൽ ചെയ്യുകയും ചെയ്ത പ്രിയപ്പെട്ടവരോടുള്ള നന്ദി അറിയിക്കുന്നു.

ഭൂതാനം സഭയിൽ സഭയോഗവും സൺഡേ സ്കൂളും അനുഗ്രഹമായി നടക്കുന്നു. ഭവനപ്രാർത്ഥന ഓരോ ഭവനങ്ങളിൽ ക്രമീകരിച്ചിരിക്കുന്നു. രാത്രിയിൽ സഭയിലെ സഹോദരിമാരുടെ പ്രയർ നടക്കുന്നു ശനിയാഴ്ചകളിൽ സഭയിലെ യൂത്ത് കൂടിവരികയും ആരാധനയ്ക്കായി പ്രാർത്ഥിക്കുകയും കാര്യങ്ങളെ ക്രമീകരിക്കകയും ചെയ്യുന്നു. ഞായറാഴ്ച ഉച്ചകഴിഞ്ഞ് പ്രാർത്ഥന ലീഡ് ചെയ്യുന്ന സഹോദരന്മാർക്കായി പ്രാർത്ഥന ക്രമീകരിച്ചിരിക്കുന്നു. ഓഗസ്റ്റ് 15 തീയതി മിഷന്റെ പ്രയർ സഭയിൽ അനുഗ്രഹമായി നടക്കുവാൻ ഇടയായി 15 ആളുകൾ പങ്കെടുത്തു.

ചുള്ളിയോട് സഭയിൽ സജിത്ത്, സിവിത എന്നിവർ കടന്നുവരുന്നു ഡി അഡിക്ഷൻ ക്യാമ്പിലേക്ക് അവിടെ നിന്നും 4 ആളുകൾ കടന്നുവരാനായി ഒരുങ്ങിയിരിക്കുന്നു ഞായറാഴ്ച ഉച്ചകഴിഞ്ഞ് അവിടെ ആരാധന നടക്കുന്നു. സഭയേയും പ്രവർത്തനങ്ങളേയും ഓർത്ത് പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു.

*പാസ്റ്റർ*

## പുൽപ്പള്ളി

ദൈവകൃപയാൽ 2026 ജൂലൈ മാസം മുതൽ പുൽപ്പള്ളിയിൽ നിന്നും വാഴവറ്റ ദേശത്തേക്ക് . ട്രൈബൽ മിഷന്റെ ഒരു പുതിയ പ്രവർത്തനവുമായ് അപ്പണ്ണനും കുടുംബവും ട്രൈബൽ മിഷന്റെ ഉത്തരവ് പ്രകാരം ജൂലൈ മാസം 1-ാം തീയതി മുതൽ പ്രവർത്തനം ആരംഭിക്കുവാൻ ദൈവം സഹായിച്ചു എന്റെ കൂടെ സിജു കുടുംബവും സഹമിഷനറി ആയിട്ട് ഒരു പുതിയ പ്രവർത്തനം ആരംഭിക്കുന്നത് വരെ അപ്പണ്ണൻ പാസ്റ്ററും കുടുംബത്തോട് ചെർന്ന് പ്രവർത്തിച്ച് കൊണ്ടിരിക്കുന്നു. പ്രത്യേകിച്ച് വാഴവട്ട ദേശത്തേയും കോളനി വാസികൾ വിടുവിക്കപ്പെടുന്നതിനും കർത്താവിന്റെ വേല വിശാലം ആക്കുന്നതിനും വേണ്ടി പ്രാർത്ഥിക്കുക.

*അപ്പണ്ണൻ എ. ,സിജു ഇ.വി.*

## വടക്കനാട്

ദൈവത്തിന് മഹത്വം ഉണ്ടാകട്ടെ വടക്കനാട് സഭയുടെ പ്രവർത്തനം അനുഗ്രഹമായി നടക്കുന്നു. സഭയിൽ വരുന്ന ദൈവമക്കളുടെ ഉന്നതിപേരുകൾ കലൂർകുന്ന് ഉന്നതി, ഓടപ്പളം ഉന്നതി മണ്ഡക്കൂട് ഉന്നതി അണിമുല്ല ഉന്നതി എന്നീ ഉന്നതിയിൽ കടന്ന വരുന്നു ഏകദേശം 36 പേർ കൂടി വരുന്നുണ്ട് കുട്ടികൾ അടക്കം ഉപവാസപ്രവർത്തനങ്ങൾ നടക്കുന്നു വെള്ളിയാഴ്ച പ്രവർത്തനങ്ങൾ നടക്കുന്നു. ഭവനപ്രാർത്ഥന നടക്കുന്നു. വിവിധ ഉന്നതി പ്രവർത്തനം നടക്കുന്നു. യേശുവിനെ പരിചയപ്പെടുത്തുന്നു. ഞങ്ങളുടെ ശുശ്രൂഷ ഓർത്ത് പ്രാർത്ഥിക്കണമേ...

*പാസ്റ്റർ*

## പയ്യംമ്പള്ളി

ദൈവകൃപയാൽ പയ്യംമ്പള്ളി മിഷൻ സെന്ററിന്റെ പ്രവർത്തനം അനുഗ്രഹമായി നടക്കുന്നു. ആരാധന/സണ്ടേ സ്കൂൾ/യൂത്ത് മീറ്റിംഗ്/ഭവനപ്രാർത്ഥന /ഉപവാസപ്രാർത്ഥന അനുഗ്രഹമായി നടക്കുന്നു

മാസത്തിൽ 3-ാം ഞായറാഴ്ച സഹോദരന്മാരുടെ മീറ്റിംഗ് ആരാധനയ്ക്കുശേഷം നടക്കുന്നു. ഒരുമിച്ച് ഇരുന്ന് പ്രാർത്ഥിക്കുകയും സഭയിൽ കടന്നുവരുന്ന സുഖമില്ലാതെ ഭാരപ്പെടുന്നവരെ സഹായിക്കുന്നതിനുള്ള ക്രമീകരണം ചെയ്യുന്നു. സഹോദരിമാരുടെ സ്പെഷ്യൽ മീറ്റിംഗ് ചർച്ചിൽ വെച്ച് നടക്കുന്നു 12-18 പേർ പങ്കെടുക്കുന്നു. ബ്രദർ ഷിനു നേതൃത്വം നൽകുന്നു. എല്ലാ ശനിയാഴ്ചകളിലും കുട്ടികളെ വദ്യോപകരണം പഠിപ്പിക്കുന്നതിനായി ബ്രദർ വർഗീസ് വന്ന് ക്ലാസ്സ് എടുക്കുന്നു 13 കുട്ടികൾ പങ്കെടുക്കുന്നു.

*പാസ്റ്റർ*

## വിളമ്പുകണ്ടം

ദൈവനാമത്തിന് മഹത്വം ഉണ്ടാകട്ടെ

വിളമ്പുകണ്ടം ദൈവ സഭയിലെ ആത്മീക കൂട്ടായ്മകൾ നല്ല രീതിയിൽ മുന്നോട്ട് പോകുന്നു. കാലവർഷത്തിന്റെ പ്രയാസം മൂലം കഴിഞ്ഞ മാസങ്ങളിൽ സഭാരാധനയ്ക്ക് ആളുകൾ കുറവായിരുന്നു എങ്കിലും സഭയുടെ ആത്മീക പ്രവർത്തനങ്ങൾക്ക് ഒരു മുടക്കം വന്നില്ല. സഭയിൽ പലരും ശാരീരികമായ രോഗത്താൽ ഭാരപ്പെടുന്നു. മഴക്കാല രോഗമായ പനി, തലവേദന ചുമ, എന്നിങ്ങനെയുള്ള രോഗങ്ങളാണുള്ളത് ഇതിൽ നിന്നും ഒരു വിടുതൽ ലഭിക്കണം പ്രാർത്ഥന ചോദിക്കുന്നു.

വിളമ്പുകണ്ടം സഭയ്ക്ക് ചർച്ച് പണിയുന്നതിനായി 10 സെന്റ് സ്ഥലം വാങ്ങിയിട്ട് ഒരു വർഷമായി എത്രയും പെട്ടെന്ന് ഈ ദേശത്ത് ഒരു ആലയം പണിയേണ്ടതിനെ ഓർത്ത് പ്രാർത്ഥന ചോദിക്കുന്നു. വിശ്വാസികളുടെ ആത്മീക നിലനിൽപ്പിനെ ഓർത്ത് പ്രാർത്ഥന ചോദിക്കുന്നു. ഓഗസ്റ്റ് മാസം നടക്കുന്ന ഡി അഡിക്ഷൻ ക്യാമ്പിലേക്ക് രണ്ട് കുടുംബം കടന്നു വരാം എന്ന് അറിയിച്ചിട്ടുണ്ട്. ഈ പ്രിയപ്പെട്ടവരെ ഓർത്ത് പ്രാർത്ഥന ചോദിക്കന്നു. ഇതുവരെയും വിളമ്പുകണ്ടം സഭയെ ഓർത്ത് പ്രാർത്ഥിച്ച എല്ലാ സഹോദരങ്ങൾക്കും ക്രിസ്തു യേശുവിന്റെ നാമത്തിൽ നന്ദി അറിയിക്കുന്നു.

*പാസ്റ്റർ ഗിരീഷ് വി.*

## ചെറുകാട്ടൂർ

കഴിഞ്ഞമാസത്തെ പ്രവർത്തനങ്ങൾ ദൈവകൃപയാൽ അനുഗ്രഹമായി നടന്നു. വയനാട്ടിലെ എല്ലാ മിഷൻ സെന്ററുകളിലും സുവിശേഷ പ്രവർത്തനങ്ങൾ നന്നായി നടക്കുന്നു. പുതിയതായി ആരംഭിച്ച സ്ഥലങ്ങളിൽ വിശ്വാസികൾ കടന്നുവരുന്നു . ഡി അഡിക്ഷന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു രക്ഷയുടെയും മഹനീയത്തിന്റെ പ്രവർത്തനങ്ങളും അനുഗ്രഹമായി നടക്കുന്നു. എന്റെ അമ്മയുടെ കാലിന് ഒരു സർജറി നടന്നു. ഇപ്പോൾ സൗഖ്യമായി ഇരിക്കുന്നു. പ്രാർത്ഥിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. തുടർന്നും വയനാട്ടിലെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു

*പാസ്റ്റർ വി. സി ജേക്കബ്*

## സംഭാവന അയക്കുന്നവരുടെ ശ്രദ്ധക്ക്

ട്രൈബൽ മിഷന്റെ വേലയ്ക്കായി ധനസഹായം ചെയ്യുന്നവർ അത് മണിയോർഡർ ആയോ ഡ്രാഫ്റ്റ് ആയോ ചെക്ക് ആയോ ട്രൈബൽ മിഷന്റെ ഓഫീസിലേക്ക് അയക്കാവുന്നതാണ്. താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ബാങ്കിലേക്ക് നേരിട്ടും പണം അയക്കാവുന്നതാണ്

### A/c Name - Tribal Mission

1. **STATE BANK OF INDIA, PERUMBAVOOR TOWN BRANCH SB A/C NO: 57041605654, IFSC CODE : SBIN0070154**
2. **AXIS BANK LIMITED, PERUMBAVOOR SB A/C NO : 910010028193291, IFSC CODE : UTIB0000803**
3. **CSB BANK LTD , PERUMBAVOOR SB A/C NO : 015600705880190001, IFSC : CSBK0000156**
4. **DR. K. MURALIDAR, CSB BANK LTD, PERUMBAVOOR SB A/C NO :015600706354190001, IFSC CODE : CSBK0000156**
5. **G-PAY 90 480 13 866** വഴിയും നിങ്ങളുടെ ഗിഫ്റ്റ് അയക്കാവുന്നതാണ്.

**PLEASE NOTE : Since FCRA Permission has been withdrawn by the Govt. of India, Please do not send Foreign Currency to any of these accounts**

---

**സംഭാവന അയക്കുന്നവരുടെ ശ്രദ്ധക്ക്**

ശരിയായ അക്കൗണ്ടിംഗ് ആവശ്യത്തിനായ പണമടയ്ക്കലിന്റെ വിശദാംശങ്ങൾ (അഡ്രസ് സഹിതം) ഇ-മെയിൽ, (tribalmissionhotmail.com) ടെലിഫോൺ അല്ലെങ്കിൽ **whats app (90 480 13 866)** വഴി ഞങ്ങളെ അറിയിക്കാൻ അഭ്യർത്ഥിക്കുന്നു.

---

**ഞങ്ങളുടെ ഓഫീസ് അഡ്രസ്സ്**

**TRIBAL MISSION**

**Iringole P.O., Perumbavoor - 683548, Ernakulam Dist, Kerala, India**

**Mob : + 91-484 2593 866, Mob : +91 - 9048013866**

---

ആദിവാസി മേഖലകളിൽ പ്രവർത്തിക്കുന്ന ഒരു മിഷനറി കുടുംബത്തെ സ്പോൺസർ ചെയ്യുവാൻ നിങ്ങൾക്ക് മനസുണ്ടോ? വിശദവിവരങ്ങൾക്ക് വിളിക്കുക ഫിനാൻസ് സെക്രട്ടറി : **+91 9446869246/9048013866**



## ടൂ വീലർ ആവശ്യമുണ്ട്

**മിഷനറിമാരുടെ ഉപയോഗത്തിനായി പഴയതും പുതിയതുമായ ടൂ വീലർ ആവശ്യമുണ്ട്.**

**Contact : 97 47 44 29 35**

**കഴിഞ്ഞകാലങ്ങളിൽ ഈ വിഷയത്തിൽ സാമ്പത്തികം നൽകിയും വാഹനങ്ങൾ നൽകിയും സഹായിച്ച പ്രിയപ്പെട്ടവരോടും ഞങ്ങൾ നന്ദി അറിയിക്കുന്നു.**

# തിരുവനന്തപുരം അഞ്ചാനകുഴിയിൽ നടന്ന ഡെന്റൽ ക്യാമ്പ്























ബഥനി ബാലഭവൻ സന്ദർശകർ മാനേജർ കെ കെ കോശിയോടൊപ്പം



ബഥനി സ്കൂളിലെ കുട്ടികൾ
സ്കേറ്റിംഗ് പങ്കെടുക്കുന്നു

Printed, Published & Owned by Pr. T. Jayadas, Tribal News, Mob: 9747442935, Iringole P.O., Perumbavoor, Ernakulam Dist.-683548
e-mail : tribal_news@hotmail.com Design & Printing : Paul Graphics, Kuruppampady, Mob.: 9495220175